# മഹാത്മാഗാന്ധി സർവ്വകലാശാല

## 2026 ഫെബ്രുവരി 26, വ്യാഴാഴ്ച്ച രാവിലെ 10.30–ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (26.02) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുമേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 5. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 9. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 10. | അഡ്വ. റജി സഖറിയ | സിൻഡിക്കേറ്റംഗം |
| 11. | ഡോ. പ്രമോദ് ഗോപിനാഥ് | സിൻഡിക്കേറ്റംഗം |
| 12. | ഡോ. അജിമോൻ ജോർജ് | സിൻഡിക്കേറ്റംഗം |
| 13. | ഡോ. റോബിനെറ്റ് ജേക്കബ് | സിൻഡിക്കേറ്റംഗം |
| 14. | ഡോ. ആർ. വാസന്തഗോപാൽ | സിൻഡിക്കേറ്റംഗം |
| 15. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 16. | ശ്രീ. ഉബൈദുള്ള എ സി | ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് |
| 17. | ശ്രീ. എം. എസ്. ബിജുകുട്ടൻ | അഡിഷണൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ |
| 18. | ശ്രീ. രതീഷ് പി. ബി. | സിൻഡിക്കേറ്റംഗം |
| 19. | അഡ്വ. ജോബ് മൈക്കിൾ എം എൽ എ | സിൻഡിക്കേറ്റംഗം |

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**അനുശോചന പ്രമേയം**

പ്രമുഖ ഫുട്ബോൾ പരിശീലകനും കേരള സ്പോർട്സ് കൗൺസിൽ മുൻ വൈസ് പ്രസിഡന്റും എം.ജി സർവകലാശാലാ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് മുൻ ഡയറക്ടറുമായ ടി. കെ. ഇബ്രാഹിംകുട്ടിയുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു. എം ജി സർവകലാശാല 2003–2004 ൽ 9 കായികകിരീടങ്ങൾ നേടിയത് ഇദ്ദേഹം ഡയറക്ടർ സ്ഥാനം വഹിച്ചപ്പോഴാണ്.

മാവേലിക്കര മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായ എം. മുരളി, പ്രമുഖ സംഗീത സംവിധായകൻ എസ്. പി. വെങ്കിടേഷ്, പ്രശസ്ത കബഡി താരം വി. ശ്രീനിവാസൻ, കേരള ഹൈക്കോടതി ജഡ്ജിയും മനുഷ്യാവകാശ കമ്മീഷൻ അംഗവുമായിരുന്ന ജസ്റ്റിസ്. എ. ലക്ഷ്മിക്കുട്ടി, പ്രശസ്ത ബംഗാളി സാഹിത്യകാരൻ മണിശങ്കർ മുഖോപാധ്യായ, പ്രമുഖ മാനേജ്മെന്റ് വിദഗ്ധൻ പ്രൊഫ.ജെ.ഫിലിപ്പ് എന്നിവരുടെ നിര്യാണത്തിലും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവായ പത്തനംതിട്ട മല്ലപ്പള്ളി സ്വദേശികളുടെ മകളായ ആലിൻ ഷെറിൻ എബ്രഹാമിനും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

**അനുമോദന പ്രമേയം**

2023-24 വർഷത്തെ സംസ്ഥാന എൻ.എസ്.എസ്. അവാർഡുകളിൽ, മികച്ച സർവകലാശാലയ്ക്കുള്ള അവാർഡ് മഹാത്മാഗാന്ധി സർവകലാശാലക്ക് ലഭിച്ചു. എംജി സർവകലാശാല എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.ഇ.എൻ. ശിവദാസന് സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ. മികച്ച പ്രോഗ്രം കോർഡിനേറ്ററിനുള്ള അവാർഡ് നേടിയ പാലാ അൽഫോൻസ കോളേജിലെ സിമിമോൾ സെബാസ്റ്റ്യനും മികച്ച വോളൻറിയർക്കുള്ള അവാർഡ് കരസ്ഥമാക്കിയ അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ കാതറിൻ പോളിനും സർവകലാശാലയ്ക്കു കീഴിൽ പ്രവർത്തിച്ചു വരു എല്ലാ എൻ.എസ്.എസ് കോർഡിനേറ്റർമാർക്കും വോളന്റീയർമാർക്കും ഈ യോഗത്തിന്റെ അഭിനന്ദനങ്ങൾ.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പും ഹയർ എഡ്യുക്കേഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച നാഷണൽ റിസർച്ച് കോൺഫറൻസിൽ ഏറ്റവും മികച്ച സ്റ്റാളായി എംജി സർവകലാശാലാ സ്റ്റാളിനെ തിരഞ്ഞെടുത്തു. സർവകലാശാലാ പ്രതിനിധി സംഘത്തിന് നേതൃത്വം നൽകിയ സർവകലാശാലാ ഐ.ക്യൂ.എ.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജോണി ജോസൻ, ഡയറക്ടർ ഓഫ് റിസർച്ച് പ്രൊഫ. ഡോ. ജയചന്ദ്രൻ കെ., ബി.ഐ.ഐ.സി ഡയറക്ടർ പ്രൊഫ. (ഡോ.) ഇ കെ. രാധാകൃഷ്ണൻ എന്നിവർക്കും, സ്കൂൾ ഓഫ് ബയോ സയൻസ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച്, ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്റർ, എിവിടങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

അബുദാബിയിയിൽ വച്ചു നടന്ന ഇന്റർനാഷണൽ ബാസ്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയ ടീമിലെ അംഗമായ സർവ്വകലാശാലയിലെ സെക്യൂരിറ്റി ഓഫീസർ ശ്രീ. ജോർജ് കെ. എം. -നും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ.

**റിപ്പോർട്ടിങ്**

സർവകലാശാല നേരിട്ട് നടത്തിയിരുന്ന സാശ്രയ സ്ഥാപനങ്ങൾ സർക്കാർ രൂപീകൃത സൊസൈറ്റിയായ CPAS ന് മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും (MOA), സർവകലാശാലയും CPAS ഉം തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെയും അടസ്ഥാനത്തിൽ 2017 ജൂണിൽ കൈമാറിയിരുന്നു. സാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി സർവകലാശാല CPAS-നെ ഏൽപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുന്നതിനായി മാർച്ച് രണ്ടാം വാരം പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതായി വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 01/26.02/37151/AD A3-4/2025**

**സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ, സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 02/26.02/1773/AC A12-2/2026** **എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - Tourism and Hospitality Management - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

13.01.2026 തീയതിയിൽ Service Excellence and Hospitality വിദഗ്ദ്ധ സമിതിയുടെ കൺവീനർ, Tourism and Hospitality Management ന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന TRAVEL AGENCY AND TOUR OPERATION BUSINESS എന്ന കോഴ്സിന്റെ പേര് Travel Agency & Tour Operation Business Management എന്ന് തിരുത്തുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച 29.01.2026-ലെ 1021/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/26.02/1928/AC A12-2/2026** **എം.ജി.യു ബി.വോക് (ഓണേഴ്സ്) 2025 - Public Health (Minor) - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധിസർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 04/26.02/15951/AD A3/4/2019** **സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

MEDISEP പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ, ടി സ്കീമിന്റെ വിശദാംശങ്ങൾ, ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യേണ്ട പ്രീമിയം തുക, അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച മാർഗനിർദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച G.O(P) No.5/2026/FIN, Dated 20.01.2026, G.O(P) No.7/2026/FIN, Dated 21.01.2026 എന്നീ ഉത്തരവുകൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച നം. 15951/AD A3/4/2019/ ADMIN, തീയതി. 29.01.2026 പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/26.02/8642/ACA16-2/2026** **Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ നാലാം സെമസ്റ്റർ സിലബസ്സിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന Bachelor of Science (Honours) Physics പ്രോഗ്രാമിന്റെ സിലബസ്സിൽ നാലാം സെമസ്റ്ററിലെ MG4DSEPHY204: Material Characterization Techniques, എന്ന കോഴ്സിന്റെ Course Outcomes, Course Content എന്നിവ പരിഷ്ക്കരിക്കുന്നതിനും, MG4DSCPHY202: Basic Electronics and Electricity, എന്ന കോഴ്സിന്റെ Course Content, End Semester Evaluation പാറ്റേൺ (Practical) എന്നിവ പരിഷ്ക്കരിക്കുന്നതിനും കൺവീനർ, വിദഗ്ദ്ധ സമിതി, ഫിസിക്സ്

(യു.ജി.) ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 03.02.2026-ലെ 1120/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/26.02/8324/AC A16-3/2026** **Bachelor of Arts (Honours) History പ്രോഗ്രാമിന്റെ മൂന്നും, നാലും സെമസ്റ്റർ സിലബസിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശകൾ - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന Bachelor of Arts (Honours) History പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിലെ MG3MDCHIS201: From Symbols to Signals: A Brief History of Media, എന്ന കോഴ്സിന്റെ Course Outcomes -ലെ PO No.-ലെ typographical പിഴവ് തിരുത്തുന്നതിനും, അതുപോലെ നാലാം സെമസ്റ്ററിലെ MG4DSEHIS202: Field Techniques in Archaeology, എന്ന കോഴ്സിന്റെ Course Content പരിഷ്ക്കരിക്കുന്നതിനും, വിദഗ്ദ്ധ സമിതി, ഹിസ്റ്ററി (യു ജി) ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1091/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 07/26.02/8436/ACA16-2/2026** **Bachelor of Social Work (Honours) പ്രോഗ്രാമിന്റെ സിലബസ്സിൽ രണ്ട്, നാല് സെമസ്റ്ററുകളിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ- സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU - UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്നBachelor of Social Work (Honours) പ്രോഗ്രാമിന്റെ സിലബസ്സിൽ രണ്ടാം സെമസ്റ്ററിലെ MG2DSCSWK100: Philosophical Foundations of Social Work, എന്ന കോഴ്സിന്റെ Course Content പരിഷ്ക്കരിക്കുന്നതിനും നാലാം സെമസ്റ്ററിലെ DSC/DSE/SEC/VAC വിഭാഗം കോഴ്സുകളുടെ End Semester Evaluation പാറ്റേൺ പരിഷ്ക്കരിക്കുന്നതിനും കൺവീനർ, വിദഗ്ധ സമിതി, സോഷ്യൽ വർക്ക് (UG & PG) ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1090/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/26.02/91319/AC D-1/2025 (PART II)** **മധുരൈ കാമരാജ് സർവകലാശാലയിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി ജനുവരി 2019-ഡിസംബർ 2021 കാലയളവിൽ ശ്രീമതി രാജലക്ഷ്മി സി എസ് നേടിയ ബാച്ചലർ ഓഫ് ആർട്സ് ഹിസ്റ്ററി പ്രോഗ്രാമിന് തുല്യത നൽകുന്നത് - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് വൈസ്ചാൻസലർ കൈക്കൊണ്ട നടപടി - സിന്റിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീമതി. രാജലക്ഷ്മി സി. എസ്. ന്റെ പിതാവ് ശ്രീ. ആർ. ചെല്ലപ്പൻ നാടാർ, ടിയാന്റെ മകൾ മധുരൈ കാമരാജ് സർവകലാശാലയിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി ജനുവരി 2019 - ഡിസംബർ 2021 കാലയളവിൽ നേടിയ ബാച്ചലർ ഓഫ് ആർട്സ് ഹിസ്റ്ററി പ്രോഗ്രാമിന്റെ തുല്യത സർട്ടിഫിക്കറ്റ് നൽകണമെന്ന് അഭ്യർത്ഥിച്ചതിനാൽ, ടി വിഷയം സംബന്ധിച്ച് സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നും 23.10.2025 തീയതിയിലെ HEDN-B4/340/2025-HEDN നമ്പർ കത്ത് ലഭിച്ചിരുന്നു.

മേൽ വിഷയത്തിൽ, 17.01.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അക്കാദമിക് അഫയേഴ്സ് യോഗത്തിന്റെ ഇനം നമ്പർ. 91319/AC D-1/2025 പ്രകാരമുള്ള ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1083/AC D/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/26.02/6825/P&D 2-1/2026** **കൊച്ചി St. Theresa's College (Autonomous)-ൽ സംയുക്ത അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ Leeds Beckett University, UK - യും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കൊച്ചി St. Theresa's College (Autonomous) - ൽ സംയുക്ത അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ, Leeds Beckett University, UK-യും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1084/P&D 2/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 10/26.02/9707/FO SECTION-ASSISTANT1/2026** **2025 - 26 സാമ്പത്തിക വർഷത്തെ " 22 402 61 a - University Union Activities " എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് -**

2025-26 സാമ്പത്തിക വർഷത്തെ "22 402 61 a - University Union Activities" എന്ന ശീർഷകത്തിൽ ₹12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപ കൂടി അധിക തുകയായി വകയിരുത്തി അടങ്കൽ തുക ₹1,00,55,000/- (ഒരു കോടി അൻപത്തി അയ്യായിരം രൂപ മാത്രം) രൂപയായി വർധിപ്പിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 04.02.2026-ലെ 1185/FO SECTION/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 11/26.02/7832/AC A1-2/2026** **ഡിപ്ലോമ സർട്ടിഫിക്കറ്റിനും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റിനും ഫീസ് നിശ്ചയിച്ചുകൊണ്ട് സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്:-**

സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപതി ഹോണററി ഡയറക്ടർ No. 07/CYN/2026/MGU തീയതി 28/01/2026ൽ സമർപ്പിച്ച അപേക്ഷ പ്രകാരം സർവ്വകലാശാല ഡിപ്ലോമ സർട്ടിഫിക്കറ്റിനും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റിനും ഫീസ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിശ്ചയിച്ച് നടപ്പിലാക്കാൻ ശിപാർശ ചെയ്തിരുന്നു.

| Fee Head | Fee |
|---|---|
| Diploma Certificate | Rs. 525/- |
| Post Graduate Diploma Certificate | Rs 610/- |

ടി ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 30.01.2026-ലെ 1029/ACA1/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 12/26.02/91906/AC A7-3/2025** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- 2026-2027 അദ്ധ്യയനവർഷത്തേയ്ക്ക് പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/സ്ഥിരമായ സീറ്റുവർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ മഹാത്മാഗാന്ധി സര്വകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിന്ഡിക്കേറ്റിൽ റിപ്പോര്ട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

2026-27 അധ്യയന വർഷം മുതൽ പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/ സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി വിവിധ കോളേജുകൾ മതിയായ ഫീസടച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച് പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/ സ്ഥിരമായ സീറ്റുവർദ്ധനവ് എന്നിവയ്ക്കാവശ്യമായ ഓരോ കോളേജുകയിലെയും പഠന -ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരിശോധന സമിതികളെ നിയമിക്കുന്നതിന് സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി ഓൺ അഫിലിയേഷൻ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 28.01.2026-ലെ 973/AC A7/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 13/26.02/1692/AC A12-2/2026** **B.Voc. (Honours) Tourism Administration and Hospitality - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ -മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

05.01.2026 തീയതിയിൽ Service Excellence and Hospitality വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Tourism Administration and Hospitality പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ TRAVEL AGENCY & TOUR OPERATION BUSINESS എന്ന വിഷയത്തിന് തെറ്റായി രേഖപ്പെടുത്തിയ കോഴ്സ് കോഡ് MG2SDCTAH100 എന്നത് തിരുത്തി MG2SDCTAH102 എന്നാക്കി മാറ്റുന്നതിനും, അതേ വിഷയം MDC കോഴ്സായും ഉപയോഗിക്കുന്നതിനാൽ MDC കോഴ്സിന്റെ പേര് TRAVEL AGENCY AND TOUR OPERATION BUSINESS എന്നത് തിരുത്തി TRAVEL AGENCY AND TOUR OPERATION BUSINESS MANAGEMENT എന്നാക്കി മാറ്റുന്നതിനും ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1086/ACA12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 14/26.02/8176/AC A5-3/2026** **സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് പഠനവകുപ്പിൽ നടത്തുന്ന ദ്വിവത്സര എൽ.എൽ.എം പ്രോഗ്രാം സ്പെഷ്യലൈസേഷൻ ആയ 'Criminal Law' എന്ന പ്രോഗ്രാമിന്റെ പേര് 'Criminal Law and Cyber Forensics' എന്ന് പുനർനാമകരണം ചെയ്യണമെന്ന ശിപാർശ അംഗീകരിച്ച് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ദ്വിവത്സര എൽ.എൽ.എം പ്രോഗ്രാം ആയ 'Criminal Law' പ്രോഗ്രാമിന്റെ പേര്, പ്രസ്തുത പ്രോഗ്രാമിന്റെ ഉള്ളടക്കം, പ്രോഗ്രാം നവീകരിക്കേണ്ടുന്നതിന്റെ ആവശ്യകത എന്നിവ പരിഗണിച്ച് 2026 അഡ്മിഷൻ മുതൽ 'Criminal Law and Cyber Forensics' എന്ന് പുനർനാമകരണം ചെയ്യണമെന്ന ഫാക്കൽറ്റി കൗൺസിലിന്റെ ശിപാർശ വകുപ്പ് മേധാവി കത്ത് മുഖേന സമർപ്പിച്ചിരുന്നു.

മേൽ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 05.02.2026-ലെ 1232/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/26.02/3649/AC A12-2/2026** **B.Voc. (Honours) Applied Accounting and Taxation - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

06.01.2026 തീയതിയിൽ Accounting and Banking വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Applied Accounting and Taxation പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന ON THE JOB TRAINING എന്ന വിഷയത്തിന്റെ തെറ്റായി രേഖപ്പെടുത്തിയിരുന്ന കോഴ്സ് കോഡ് MG1SDCAAT103 എന്നത് തിരുത്തി MG2SDCAAT103 എന്നാക്കി മാറ്റുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1092/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 16/26.02/6063/AD A9-2/2026** **2025-2026 വർഷത്തെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പ് ചെലവിലേയ്ക്കായി നാലാം ഗഡു തുക ₹30,00,000/- രൂപ താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസിന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

2025 - 26 ലെ അന്തർ കലാലയ/ അന്തർ സർവ്വകലാശാലാ കായികമത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി നാലാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ് വര്ഗീസ് -ന്റെ പേരിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 27.01.2026-ലെ 951/AD A 9/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും, സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 17/26.02/1740/DSW 1/2026** **ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ - മഹാത്മാഗാന്ധി സർവ്വകലാശാല (2024-25) യൂണിയന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 09 മുതൽ 15 വരെ തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന സർവകലാശാലാ കലോത്സവം 2026 ഫെബ്രുവരി 27 മുതൽ മാർച്ച് 05 വരെ തീയതികളിലേയ്ക്ക് മാറ്റിവെച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, അധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുള്ളത് റിപ്പോർട്ട് ചെയ്യുന്നതിനായി-**

ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ - മഹാത്മാഗാന്ധി സർവ്വകലാശാല (2024 - 25) യൂണിയന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 09 മുതൽ 15 വരെ തീയതികളിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന സർവകലാശാലാ കലോത്സവം 2026 ഫെബ്രുവരി 27 മുതൽ മാർച്ച് 05 വരെ തീയതികളിലേയ്ക്ക് പുനഃക്രമീകരിച്ച് നടത്തുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.02.2026-ലെ 1184/ADA5/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും, സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 18/26.02/36450/DSS 1/2025**

**Mahatma Gandhi University Intercollegiate Youth Festival Manual 2026- Amendment No. 1- Action taken by the Vice-Chancellor as per Section 10 (17), Chapter III of the Mahatma Gandhi University Act, 1985- Report to the Syndicate reg:-**

The Mahatma Gandhi University Inter Collegiate Youth Festival Manual - 2026 was approved and issued vide University Order Number 1087/DSW/2026/MGU, dated: 02.02.2026.

The Vice-Chancellor, considered the matter, and exercising powers vested under Chapter III, Section 10 (17) of the Mahatma Gandhi University Act, 1985, had accorded approval for amending Sub-clause 4.3. under Clause 4 of Chapter II of the Mahatma Gandhi University Inter Collegiate Youth Festival Manual - 2026 as follows: "A participant/student may take part in a maximum of six (6) events out of 91 events, excluding One Act Play." and University Order Number 1411/DSW/2026/MGU, dated: 09.02.2026 was issued accordingly.

The action of the Vice Chancellor by exercising powers under chapter III Section 10(17) of the Mahatma Gandhi University Act 1985 as mentioned above and the consequent issuance of U.O No. 1411/DSW/2026/MGU dated 09.02.2026 was reported to the Syndicate.

**ഇനംനമ്പർ 19/26.02/1337/AC A12-2/2026**

**MGU B.Voc. (Honours) Fashion Technology and Merchandising - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

11.11.2025 തീയതിയിൽ Creative Knowledge based Careers വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Fashion Technology and Merchandising പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്ററിലെ Introduction to Fashion (MG1SDCFTM100) എന്ന വിഷയം theoretical വിഷയമായതിനാൽ, Assessment type ൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്ന Continuous Comprehensive Assessment (CCA) - Practical എന്നത് CCA - Theory ആയി പരിഷ്കരിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നു. അതോടൊപ്പം, 13.01.2026 തീയതിയിൽ രണ്ടാം സെമസ്റ്ററിലെ Circular Fashion എന്ന വിഷയവുമായി ബന്ധപ്പെട്ട് CCA, ESE എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്കുകൾ തിരുത്തുന്നതിനും ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.02.2026-ലെ 1075/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 20/26.02/11605/AC A5-3/2026** **സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സിൽ നടത്തിവരുന്ന എം.എസ്.സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത CAT 2026-ൽ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ, അംഗീകരിച്ച് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സിൽ നടത്തിവരുന്ന എം.എസ്.സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ ഓണററി ഡയറക്ടർ കത്ത് മുഖേന സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 11.02.2026-ലെ 1503/ACA5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 21/26.02/5285/AD A1/1/2019 (PART I)** **ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസലറുടെ 31.01.2026 തീയതിയിലെ ഉത്തരവ് - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്.**

താഴെ പരാമർശിച്ചിരിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 31.01.2026-ലെ 1063/ADA1/2026/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

| ക്രമ നം. | പേര്, PEN/UPEN, തസ്തിക | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീ. സിബി മാത്യു, 2030/U13448, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -6 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.02.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. ജോസ് മാത്യു, ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 1063/AD A1/2026/എം.ജി.യു., തീയതി: 31.01.2026. |
| 2. | ശ്രീ. ജയപ്രകാശ് എസ്.വി. 2029/U15487, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -10 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.02.2026 പൂർവ്വാഹ്നം മുതൽ | ശ്രീ. ഷിജി സെബാസ്റ്റ്യൻ വി., ഡെപ്യൂട്ടി രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

**ഇനംനമ്പർ 22/26.02/59596/AD A7-3/2023 (PART II)** **ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) - പ്രോജെക്റ്റ് അസിസ്റ്റന്റ് (Finance /Accounts) എന്ന താത്കാലിക തസ്തികയിലേക്ക് നിയോഗത്തിനായി നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ - വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകാലശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച നടപടി - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) - ൽ പ്രോജെക്റ്റ് അസിസ്റ്റന്റ് (Finance /Accounts) എന്ന താത്കാലിക തസ്തികയിലേയ്ക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം സ്വീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച 07.02.2026 തീയതിയിലെ 1335/ADA7/2026/mgu നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 23/26.02/48631/ADA7 SO/2023** **ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസ് (ICUS) - ൽ ടെക്നിക്കൽ അസിസ്റ്റന്റ്/ പ്രൊജെക്റ്റ് അസിസ്റ്റന്റ് എന്ന താത്കാലിക തസ്തികയിലെ നിയോഗത്തിനായി നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസ് (ICUS)-ൽ ടെക്നിക്കൽ അസിസ്റ്റന്റ്/ പ്രൊജെക്റ്റ് അസിസ്റ്റന്റ് എന്ന താത്കാലിക തസ്തികയിലേക്ക് നടത്തപ്പെട്ട ഇന്റർവ്യൂ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 09.02.2026 തീയതിയിലെ 1434/AD A7/2026/എം.ജി.യു. നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 24/26.02/97476/AC A9-2/2024** **Approval of syllabus of Master of Arts in Tourism and Aviation Management- Action taken by the Vice Chancellor exercising powers of Academic Council under Section 10(17), Chapter III of Mahatma Gandhi University Act 1985 - Reporting to Syndicate -reg.**

The Principal, St.Joseph's Institute of Hotel Management and Catering Technology, Palai, submitted a proposal for the approval of the syllabus of Master of Arts in Tourism and Aviation Management, a new programme intended to be started by the said college.

The Expert Committee Tourism (U.G & P.G) was entrusted with the verification of the syllabus of the said programme and the expert committee submitted the draft syllabus with necessary modifications as per PGCSS 2019 Regulations along with model question papers and recommended to approve the syllabus.

The Vice Chancellor on 06.02.2026 had approved the syllabus of Master of Arts in Tourism and Aviation Management Programme, by exercising the powers of the Academic Council under Section 10 (17), Chapter III of Mahatma Gandhi University Act 1985. Accordingly University Order No.1432/AC A9/2026/MGU dated 09.02.2026 has been issued.

The action of the Vice Chancellor by exercising powers under chapter III Section 10(17) of the Mahatma Gandhi University Act 1985 as mentioned above and the consequent issuance of U.O No. 1432/AC A9/2026/MGU dated 09.02.2026 was reported to the Syndicate.

**(II) ക്രമ ഇനങ്ങൾ**

**(I) നടപ്പ് ഇനങ്ങൾ**

**ഇനംനമ്പർ 25/26.02/119443/EI 31-3/2025** **പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ ബി (Hons.) ഡിഗ്രി കോഴ്സിന്റെ ആറാം സെമസ്റ്റർ ഒക്ടോബർ 2025 റഗുലർ പരീക്ഷയിൽ ശ്രീ നാരായണ ലോ കോളേജ്, പൂത്തോട്ട-യിലെ മീര പ്രമോദ് (PRN-223241510449) എന്ന വിദ്യാർത്ഥിനിക്കെതിരെ ആരോപിക്കപ്പെടുന്ന പരീക്ഷാ ക്രമക്കേട്- സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 26/26.02/24338/CBCSS 24-1/2025** **ആറാം സെമസ്റ്റർ ജനുവരി 2024 സപ്ലിമെന്ററി പരീക്ഷ – Accounting for Managerial Decisions എന്ന വിഷയത്തിന്റെ പുനർമൂല്യനിർണ്ണയ ഫലം ചേർത്തു ലഭിക്കുന്നതിനായി Badusha K A (PRN: 16002109146) – B.Com Model II Marketing – MES College, Erumely) എന്ന വിദ്യാർത്ഥി സർവ്വകലാശാല രേഖകൾക്ക് വിഭിന്നമായ Revaluation Memo, റിസൾട്ട് ഷീറ്റ് എന്നിവ സമർപ്പിച്ചത് -സംബന്ധിച്ച്.**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 27/26.02/117687/EI 31-3/2025** **പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി (Hons.) ഡിഗ്രി കോഴ്സിന്റെ രണ്ടാം സെമസ്റ്റർ സെപ്റ്റംബർ 2025 റഗുലർ പരീക്ഷയിൽ പൂത്തോട്ട, ശ്രീ നാരായണ ലോ കോളേജ് ലെ ഹൃദ്യ വിനോദ് (PRN-243241510405) ന് എതിരെ ആരോപിക്കപ്പെടുന്ന പരീക്ഷാക്രമക്കേട് സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 28/26.02/100404/AD A1-1/2025** **സർവ്വകലാശാലയിലെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ തസ്തികകൾ അതാത് പോസ്റ്റുകളിലെ സീനിയറായ ജീവനക്കാർക്ക് നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. മനു ശർമ്മ സി, ജനറൽ സെക്രട്ടറി, MGUES സമർപ്പിച്ച അപേക്ഷ – സംബന്ധിച്ച്**

സർവ്വകലാശാലയിൽ അനധ്യാപക ജീവനക്കാരുടെ പ്രൊമോഷനുകൾ അനുവദിച്ചു വരുന്നത് സർവ്വകലാശാല ചട്ടങ്ങൾ പ്രകാരമാണ്. സർവ്വകലാശാലയിലെ ഭരണം, അക്കാദമിക്, ഫിനാൻസ്, പരീക്ഷാ വിഭാഗങ്ങൾക്ക് തുല്യ പ്രാധാന്യമാണുള്ളത് എന്നതിനാലും അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികകൾ അതത് തസ്തികകളിലെ സീനിയറായ ജീവനക്കാർക്കായിരുന്നു നൽകി വന്നിരുന്നത് എന്ന അപേക്ഷയിലെ പരാമർശം വസ്തുതാവിരുദ്ധമാണ് എന്നതിനാലും പ്രസ്തുത അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 29/26.02/96308/AD A7-2/2025** **ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസ് (ICUS)-ൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റ്-നെയും ഒരു ഓഫീസ് അറ്റന്റന്റിനെയും നിയോഗിക്കുന്നതിന് ICUS ഓണററി ഡയറക്ടർക്ക് അനുമതി നൽകുന്ന വിഷയം സംബന്ധിച്ച്.**

ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിനായി പുതിയ ഒരു നിയമനം നടത്തുന്നതിന് പകരം സർവ്വകലാശാലയിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും യോഗ്യരായവരെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 30/26.02/93533/UNIVERSITY ENGINEER/2025 സർവകലാശാല എഞ്ചിനീയറിംഗ് യൂണിറ്റ് – ജീവനക്കാരുടെ ജോലിഭാരം – ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേക്ക് നിയമനം – അധിക തസ്തികകൾ സൃഷ്ടിക്കുന്നത് – സംബന്ധിച്ച്.**

സർവകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിൽ പുതിയ തസ്തികകളും സെക്ഷനുകളും അനുവദിക്കുന്നതിനായി സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി ബി സതീഷ് കുമാർ, ഡോ. ബിബിൻ കുര്യാക്കോസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 31/26.02/103814/AD A3-4/2022 ക്ലീനിംഗ് സൂപ്പർവൈസിംഗ് അസിസ്റ്റന്റ് – താൽക്കാലികമായി ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.**

സർവകലാശാലയിലെ ക്ലീനിംഗ് സൂപ്പർവൈസിംഗ് അസിസ്റ്റന്റുമാരെ നിയോഗിക്കുന്ന കാലയളവ് 90 ദിവസത്തിൽ നിന്നും 179 ദിവസമായി ദീർഘിപ്പിച്ചു നൽകികൊണ്ട് പുതിയ നിയോഗം നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 32/26.02/108807/AD A9-3/2022 സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. അനീസ പി – യുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനായി അനുവദിച്ച താത്കാലിക മുൻകൂർ തുകയായ ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) -യുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് തീരുമാനിച്ച പിഴപ്പലിശ അടയ്ക്കുന്നതിൽ ടിയാൾ വരുത്തിയ കാലതാമസത്തിന്മേൽ അധികമായി പിഴപ്പലിശ ഈടാക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നത് – സംബന്ധിച്ച്.**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. അനീസ പി – യുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനായി അനുവദിച്ച താത്കാലിക മുൻകൂർ തുകയായ ₹1,00,000/- (ഒരു ലക്ഷം രൂപ മാത്രം) -യുടെ ക്രമീകരണവുമായി ബന്ധപ്പെട്ട്, 31.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം ടിയാൾ പിഴപലിശയായി ₹8,622/- (എണ്ണായിരത്തി അറുനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) അടച്ചതിന്റെ അടിസ്ഥാനത്തിൽ ടി മുൻകൂർതുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 33/26.02/57312/P&D 1-1/2024 മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസ്സിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിച്ച പ്രവർത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ ₹13,54,806/-(പതിമൂന്ന് ലക്ഷത്തി അമ്പത്തി നാലായിരത്തി എണ്ണൂറ്റി ആറ് രൂപ മാത്രം) കരാറുകാരനായ ശ്രീ ഗോപി കൃഷ്ണ, കരിപ്പയിൽ, ഉദയനാപുരം കോട്ടയം ന അനുവദിക്കുന്നത് – സംബന്ധിച്ച് :-**

1. മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസ്സിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്ന പ്രവർത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ ₹13,54,806/- (പതിമൂന്ന് ലക്ഷത്തി അമ്പത്തി നാലായിരത്തി എണ്ണൂറ്റി ആറ് രൂപ മാത്രം) ശ്രീ ഗോപി കൃഷ്ണ ,കരിപ്പയിൽ ,ഉദയനാപുരം കോട്ടയം-ന അനുവദിക്കുന്നതിനും മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും IT (1 % of Base Value) : ₹11,481/-, WWF (1 % of Base Value) : ₹11,481/- (Amount of CESS to the Board (KCWWF) : ₹11,366 + Cost of collection charge to be remitted to FO's account (1% of KCWWF) : ₹115), GST (2% of Base Value) : ₹22,963/-, Fine for delay in execution of agreement : ₹11,582/-, Fine for delay in completion of work : ₹12,080/-, മേൽ കിഴിവുകൾ വകയിരുത്തിയ ശേഷം ₹12,85,219/-(പന്ത്രണ്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത് രൂപ മാത്രം) കരാറുകാരന് നൽകുന്നതിനും,

2. മേൽച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ "25 101 06 Modernisation of the University Administration, Sports Infrastructure, Academic Departments & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 34/26.02/124264/AD B2-2/2025** **സർവകലാശാല പർച്ചേസ് കമ്മിറ്റി (2025-26) യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിലേയ്ക്കും പഠന വകുപ്പുകളിലേയ്ക്കും ആവശ്യമായ ഫർണീച്ചറുകൾ വാങ്ങുന്നത് സംബന്ധിച്ച്.**

RUBCO-യുമായി ആവശ്യമായ നെഗോസിയേഷൻ തുടർന്നുകൊണ്ട് നിലവിലെ ഡിസ്കൗണ്ട് റേറ്റ് പരമാവധി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിനും, ലോഡിങ്/അൺലോഡിങ്/ഇൻസ്റ്റലേഷൻ ചാർജ്ജുകൾ ഉൾപ്പെടുത്തിയതുമൂലം ആകെ തുകയിൽ വന്നിട്ടുള്ള വർദ്ധനവ് കുറയ്ക്കുന്നതിനായി നെഗോസിയേഷനിൽ ആവശ്യപ്പെടുന്നതിനുമായി രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും, പർച്ചേസ് ഓർഡർ പ്രകാരമുള്ള ഫർണ്ണിച്ചറുകളുടെ വിതരണത്തിനും തൃപ്തികരമായ ഇൻസ്റ്റലേഷനും ശേഷം തുക അനുവദിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 35/26.02/148097/AD B4-2/2024** **സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലേക്ക് IEEE Dataport എന്ന ഡേറ്റാബേസിന്റെ കാലാവധി ഫെബ്രുവരിയിൽ അവസാനിക്കുന്നതിനാൽ പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിനുള്ള അനുമതി - സംബന്ധിച്ച്.**

ഇനം പിൻവലിച്ചു.

**ഇനംനമ്പർ 36/26.02/50126/DSS 1/2025** **മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ (2023-'24) ന്റെ നേതൃത്വത്തിൽ 2025 ജൂൺ 2, 3 തീയതികളിൽ തിരുവല്ല മുതൽ പത്തനംതിട്ട വരെ ലഹരിവിരുദ്ധ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് റിലേ മാരത്തോൺ സംഘടിപ്പിച്ചതിന് - അധികമായി ചെലവഴിച്ച തുകയിൽനിന്നും പിഴപലിശ കുറവ് ചെയ്തതിനു ശേഷമുള്ള തുകയായ ₹11,419/- രൂപ (പതിനൊന്നായിരത്തി നാനൂറ്റി പത്തൊൻപത് രൂപ മാത്രം) തിരികെ നൽകുന്ന വിഷയം സംബന്ധിച്ച്:-**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ (2023-'24) ന്റെ നേതൃത്വത്തിൽ 2025 ജൂൺ 2, 3 തീയതികളിൽ തിരുവല്ല മുതൽ പത്തനംതിട്ട വരെ ലഹരിവിരുദ്ധ മുദ്രാവാക്യം ഉയർത്തിക്കൊണ്ട് റിലേ മാരത്തോൺ സംഘടിപ്പിച്ചതിന് അധികമായി ചെലവഴിച്ച തുകയിൽനിന്നും പിഴപലിശ കുറവ് ചെയ്തതിനു ശേഷമുള്ള തുകയായ ₹11,419/- രൂപ (പതിനൊന്നായിരത്തി നാനൂറ്റി പത്തൊൻപത് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 37/26.02/58147/AD A3-3/2020** **താത്കാലിക മുൻകൂർ തുകയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് ശ്രീ സക്കീർ ഹുസൈൻ വൈ, റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ.)-ന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പിഴപലിശ ഈടാക്കുവാനുള്ള സർവകലാശാല ഉത്തരവ് പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്.**

ശ്രീ. സക്കീർ ഹുസൈൻ വൈ (റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ.), സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ഫാക്കൽറ്റി റിക്രൂട്ട്മെന്റ് നടത്തുന്നതിനായി അനുവദിച്ച താത്കാലിക മുൻകൂർ തുക ഉപയോഗിച്ച് റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത് പരിഗണിച്ചും, ചെലവഴിക്കാത്ത ₹7,005/- രൂപ സമയബന്ധിതമായി തിരിച്ചടച്ചതിനാലും ടിയാൻ പെൻഷണറാണെന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ടും സർവകലാശാല ഉത്തരവ് നം. 1100/AD A3/2025/MGU, തീയതി 24.11.2025 പ്രകാരം ടിയാനുമേൽ ചുമത്തിയ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 38/26.02/66901/AD A3-3/2023** **താത്കാലിക മുൻകൂർ തുകയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് ശ്രീ സക്കീർ ഹുസൈൻ വൈ, റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ.)-ൽ നിന്നും പിഴപലിശ ഈടാക്കുന്നത് സംബന്ധിച്ച്.**

കൺവേർജെൻസ് അക്കാദമിയ കോംപ്ലെക്സിന്റെ പ്രവേശന കവാടത്തിൽ ശിലാഫലകം, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്, കലാസൃഷ്ടികൾ എന്നിവ സ്ഥാപിക്കുന്നതിന്റെയും റിസപ്ഷൻ ഏരിയ സജ്ജീകരിക്കുന്നതിന്റെയും ചെലവിലേയ്ക്കായി, ശ്രീ സക്കീർ ഹുസൈൻ വൈ (PF No.2019, PEN:U14387)-യുടെ പേരിൽ താത്കാലിക മുൻകൂർ തുകയായി ₹4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ) ക്രമീകരിക്കുന്നതിനായി ബില്ലുകളും വൗച്ചറുകളും സമർപ്പിക്കുവാൻ 854 ദിവസത്തെ കാലതാമസത്തിന് വന്നുചേർന്ന പിഴപലിശ, പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയത് പരിഗണിച്ചും ടിയാൻ പെൻഷണറാണെന്നുള്ള വസ്തുത കൂടി കണക്കിലെടുത്തും ഒഴിവാക്കി നൽകുന്നതിനും മുൻകൂർ തുകയിൽ ചെലവഴിക്കാത്ത തുകയായ ₹1,69,655/-, സർവകലാശാല അക്കൗണ്ടിലേക്ക് ഉടനടി തിരിച്ചടയ്ക്കാതെ 854

ദിവസം വൈകിയതിനുള്ള പിഴപലിശയായ ₹71,450/- (എഴുപത്തിയൊന്നായിരത്തി നാനൂറ്റി അൻപത് രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 39/26.02/83654/AD A9-3/2022** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഓഫീസ് റൂമിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫർണ്ണീച്ചർ (Table, Chair, Visiting Chairs, Safe, Cupboard, Computer table & chair) എന്നിവ വാങ്ങി ടി ഓഫീസ് റൂം സജ്ജമാക്കുന്നതിനുള്ള ചെലവിലേയ്ക്കായി സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി ഡോ.അനിത സി കുമാർ ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്.**

ഡോ. അനിത സി കുമാർ സമർപ്പിച്ച അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും സിൻഡിക്കേറ്റ് തീരുമാന പ്രകാരം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവ് നമ്പർ 945/AD A 9/2025/എം.ജി.യു. തിയതി 28.01.2025 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 40/26.02/114252/IQAC-1/2025/IQAC** **12.09.2025-ൽ ചേർന്ന സെനറ്റ് യോഗത്തിലെ അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകർക്ക് Seed Fund, Publication Incentive എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച പ്രമേയം - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് Seed Money Grant, Publication Incentive എന്നിവ സർവ്വകലാശാല തലത്തിൽ അനുവദിക്കുന്നത് സാധ്യമല്ല. ആയതിനാൽ, Good Practice ആയി Seed Money ഗ്രാന്റ് കോളേജ് തലത്തിൽ തന്നെ നൽകുന്നതിനുള്ള തുക അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണെന്ന നിർദ്ദേശം കോളേജുകൾക്ക് നൽകാവുന്നതാണെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 41/26.02/58963/AC A1-2/2024** **സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി - കോഴ്സുകളുടെ ഫീസ് ഘടനയിലുള്ള വ്യത്യാസം സംബന്ധിച്ച വിഷയത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ - പുനഃസംഘടന - സംബന്ധിച്ച് :**

സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി എന്നിവയിലെ കോഴ്സുകളുടെ ഫീസ് ഘടനയിൽ നിലനിൽക്കുന്ന വ്യത്യാസം സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവ്വകലാശാല ഉത്തരവ് നമ്പർ 4955/AC A 1/2024/എം.ജി.യു, തീയതി 10.06.2024 പ്രകാരം രൂപീകൃതമായ കമ്മിറ്റിയിലെ അംഗമായ ഡോ. ബൈജു കെ.ആർ-ന്റെ സിൻഡിക്കേറ്റ് അംഗത്വകാലാവധി അവസാനിച്ചതിനാൽ നിലവിലെ സിൻഡിക്കേറ്റ് അംഗമായ ഡോ. സെനോ ജോസ്-നെ ഉൾപ്പെടുത്തി പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 42/26.02/12433/AC A5-3/2026** **ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ 'സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മ്യൂസിക്' ആരംഭിക്കുന്നതിനുള്ള ഫാക്കൽറ്റി കൗൺസിൽ യോഗത്തിന്റെ ശിപാർശ- സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ 'സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മ്യൂസിക്' ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവി സമർപ്പിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ശിപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

1. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ നിലവിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾക്ക് പഠിതാക്കളിൽ നിന്നും 5200/- രൂപയാണ് ഫീസായി ഈടാക്കുന്നത്. ക്ലാസുകൾ കൈകാര്യം ചെയ്യുന്ന വിഷയ വിദഗ്ധർക്ക് 3000/- രൂപ (6 മണിക്കൂറിന്) പ്രതിഫലമായും ക്ലാസുകൾ പൂർത്തിയാകുമ്പോൾ കോ-ഓർഡിനേഷൻ ഫീസായി 4000/- രൂപയും നൽകിവരുന്നു. ഇതേ രീതിയിൽ 'സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മ്യൂസിക്' എന്ന ഒരു പുതിയ പ്രോഗ്രാം പ്രസ്തുത പഠനവകുപ്പിൽ ആരംഭിക്കുന്നതിനും

2. 'സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മ്യൂസിക്' ന്റെ കോഴ്സ് കോ-ഓർഡിനേറ്റർ ആയി ഐ.യു.സി.എസ്.എസ്.എം-ലെ അസ്സിസ്റ്റന്റ് പ്രൊഫ. ഡോ. സ്മിത എം (ഗസ്റ്റ് ഫാക്കൽറ്റി)-നെ നിയമിക്കുന്നതിനും.

**ഇനംനമ്പർ 43/26.02/57176/AC A12-3/2025** **സെന്റർ ഫോർ യോഗ ആൻഡ് നാച്യുറോപ്പതിയിൽ (CYN) Master of Integral Social Work (MISW ) പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ.എസ്. സുമേഷ്, ശ്രീ. അരുൺ കെ ശശീന്ദ്രൻ എന്നിവർ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്:-**

സർവ്വകലാശാല ഉത്തരവ് നം.11086/ACA12/2025/MGU, തീയതി 24.11.2025 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 44/26.02/164276/AC A1-2/2022** **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് എം .എ സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ (MASWDSA) പ്രോഗ്രാമിലെ വിദ്യാർത്ഥികളിൽ നിന്ന് അധിക നിരക്കിൽ ഫീസ് ഈടാക്കുന്നു എന്ന പരാതിയിൽ രൂപീകരിച്ച അന്വേഷണ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നത് - സംബന്ധിച്ച്:-**

സർവ്വകലാശാല ഉത്തരവ് നമ്പർ 7142/AC A 1/2024/MGU തീയതി 02.08.2024 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷനിൽ ശ്രീ അമൽ എബ്രഹാം-ന് പകരം സിൻഡിക്കേറ്റ് അംഗം ശ്രീ. അരുൺ കെ. ശശീന്ദ്രനെ ഉൾപ്പെടുത്തി അന്വേഷണ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 45/26.02/116775/AC A16-1/2025** **ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയിൽ ഡി -അഡിക്ഷൻ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നത് - സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി - അക്കാദമിക് അഫയേഴ്സ്-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

മേൽ വിഷയം സംബന്ധിച്ച് Expert Committee Convenors/BOS Chairpersons എന്നിവരുടെ അഭിപ്രായം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**(ii) മുൻ ഇനങ്ങൾ**

**ഇനംനമ്പർ ഒ.എ.13/26.01** **സർവ്വകലാശാലയിൽ എൻ.എം.ആർ. ഫാക്കൽറ്റി തസ്തിക സൃഷ്ടിച്ചതും, ടി തസ്തികയിലേക്ക് നിയമനം നടത്തിയതും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ ലംഘിച്ചാണെന്ന് ആരോപിച്ച് ശ്രീ. സുകുമാരൻ, കളീക്കൽ ഹൗസ്, തൃപ്പയാർ പി. ഓ. സമർപ്പിച്ച പരാതി - സംബന്ധിച്ച്**

പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. ബിജു തോമസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 23/26.01/126648/AC A6-2/2025** **സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് 2025-26 - വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും ഓട്ടോണമസ് കോളേജുകളിലെ ഒഴികെയുള്ള സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും പി.എച്ച്.ഡി. ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന 2023, 2024 അഡ്മിഷൻ ഗവേഷകരിൽ നിന്നും 2025-26 വർഷത്തേക്കുള്ള സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ഫെലോഷിപ്പ് തുക 15,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, പ്രായപരിധി മുതലായവ മുൻവർഷത്തേതു പോലെ നിലനിർത്തുന്നതിനും, മുൻ സാമ്പത്തിക വർഷം പാസാക്കി നൽകുവാൻ സാധിക്കാത്ത ബില്ലുകളും, മുൻ വർഷങ്ങളിൽ അനുമതി നൽകിയ ഗവേഷകരുടെ മൂന്നാം വർഷം നൽകേണ്ട UJRF തുകയും നൽകിയതിനു ശേഷം നടപ്പ സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധിതിയിലെ Promotion of Research : Fellowship and Others for Research Students' എന്ന ശീർഷകത്തിൽ മിച്ചം വരുന്ന തുക 2025-26 വർഷത്തേയ്ക്കുള്ള UJRF നൽകുന്നതിനായി വിനിയോഗിക്കുന്നതിനും, ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് 2025-26 വർഷത്തേക്ക്

പുതുതായി എത്ര എണ്ണം ഫെലോഷിപ്പുകൾ അനുവദിക്കണമെന്ന് തീരുമാനിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും സർവ്വകലാശാല പഠന വകുപ്പുകളിലെ ഗവേഷണ കേന്ദ്രങ്ങളിലെ ഗവേഷകർക്ക് ഫെലോഷിപ്പിന് മുൻഗണന നൽകുന്നതിനും തീരുമാനിച്ചു. കൂടാതെ സർവ്വകലാശാലയിൽ നിന്നും UJRF ലഭിക്കുന്ന വിദ്യാർത്ഥികൾ അവർ പബ്ലിഷ് ചെയ്യുന്ന അക്കാഡമിക് പേപ്പറുകളിലെ Acknowledgement-ൽ സർവ്വകലാശാലയുടെ പേരു കൂടി അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയായി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

## അഡീഷണൽ അജൻഡ

### (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 46/26.02/25684/ADA3/4/2019 (PART II)** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവുകൾ പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം VII, സെക്ഷൻ I, ചട്ടം 19-ലെ നിബന്ധകൾക്ക് വിധേയമായി പരമാവധി 30 ദിവസത്തേയ്ക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് കൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.8/2026/FIN, Dated 22.01.2026, UGC/AICTE/Medical Education Schemes എന്നിവയിൽ ഉൾപ്പെടുന്ന അദ്ധ്യാപകർ/പെൻഷൻകാർ/ഫാമിലി പെൻഷൻകാർ എന്നിവർക്ക് നല്കിവന്നിരുന്ന Dearness Allowance/ Dearness Relief എന്നിവ 46%-ൽ നിന്നും 50% ആയി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.14/2026/FIN, Dated 04.02.2026, പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ജീവനക്കാർക്ക നല്കിവന്നിരുന്ന Dearness Allowance, പെൻഷൻകാർക്ക് നൽകി വരുന്ന Dearness Relief എന്നിവ 22% ൽ നിന്നും 25% ആയി വർധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.15/2026/FIN, Dated 04.02.2026, എന്നീ സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കി വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച നം.12844/AD A3-4/2026/AD A 3, തീയതി: 13.02.2026, നം.35241/AD A3-4/2024/AD A 3, തീയതി. 13.02.2026, നം.53716/AD A3-4/2021/ADMIN, തീയതി: 12.02.2026 എന്നീ പുറത്തെഴുത്തുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 47/26.02/10892/AC A16-1/2026** **Bachelor of Arts (Honours) Sociology – മൂന്ന്, നാല് സെമസ്റ്റർ സിലബസിൽ പരിഷ്ക്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശകൾ- സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

Bachelor of Arts (Honours) Sociology പ്രോഗ്രാമിന്റെ നിലവിലെ സിലബസ് പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് കൺവീനർ, വിദഗ്ദ്ധ സമിതി, Sociology (യു.ജി.) പ്രസ്തുത പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിലെ കോഴ്സായ MG3DSCSOC200: Foundations of Sociological Thought-ന്റെ Mode of Assessment, നാലാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള DSC, DSE, SEC, VAC വിഭാഗം കോഴ്സുകളുടെ Course Content, Mode of Assessment എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകിയിരുന്നു . പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.02.2026 തീയതിയിലെ 1687/ACA 16/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 48/26.02/25684/AD A3/4/2019** **സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ ഉത്തരവുകൾ നടപ്പിലാക്കിയത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

അസ്ഥി മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ദാതാക്കളാകുന്ന സർക്കാർ ജീവനക്കാരിൽ Peripheral Stem Cell ദാതാക്കൾക്ക് 7 ദിവസത്തെയും Bone Marrow Stem Cell ദാതാക്കൾക്ക് 30 ദിവസത്തെയും പ്രത്യേക ആകസ്മികാവധി, കെ എസ് ആർ ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 C–ലെ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് കൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച G.O(P) No.16/2026/FIN, Dated 05.02.2026, സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും 2026 ഫെബ്രുവരി മാസം 12–ന് നടത്തിയ പൊതുപണിമുടക്കിൽ dies-non പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച G.O.(P) No.2/2026/GAD, Dated, 11.02.2026 എന്നീ സർക്കാർ ഉത്തരവുകൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച നം.12848/AD A3-4/2026/AD A 3, തീയതി 16.02.2026, നം. 51093/AD A3-4/2026/ADMIN, തീയതി 16.02.2026 എന്നീ സർക്കുലറുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 49/26.02/11475/ACA16-2/2026** **Bachelor of Science (Honours) Microbiology, Food Microbiology (Minor), Medical Microbiology (Minor) – നാലാം സെമസ്റ്റർ കോഴ്സുകളുടെ സിലബസുകളിൽ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ – സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കൺവീനർ, വിദഗ്ധ സമിതി, മൈക്രോബയോളജി (UG & PG), Bachelor of Science (Honours) Microbiology പ്രോഗ്രാമിന്റെ സിലബസിൽ നാലാം സെമസ്റ്ററിലെ DSE/VAC വിഭാഗം കോഴ്സുകളുടെ Course Outcomes, DSE/VAC വിഭാഗം കോഴ്സുകളുടെ Course Content, Food Microbiology മൈനർ സിലബസ്സിൽ നാലാം സെമസ്റ്ററിലെ MG4SECMBG201: Fundamentals of Microbiological Analysis of Food and Water, എന്ന കോഴ്സിന്റെ Course Content -ലെ Course Outcome Number Mapping, Medical Microbiology മൈനർ സിലബസ്സിൽ നാലാം സെമസ്റ്ററിലെ SEC/VAC വിഭാഗം കോഴ്സുകളുടെ Course Details, Course Outcomes, Course Content എന്നിവയും, DSC/SEC/VAC വിഭാഗം കോഴ്സുകളുടെ End Semester Evaluation -ന്റെ പാറ്റേൺ, എന്നിവ പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു.

പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.02.2026 തീയതിയിലെ നം.1650/ACA 16/2026/MGU, 16.02.2026 തീയതിയിലെ നം.1651/ACA 16/2026/MGU, 16.02.2026 തീയതിയിലെ നം.1652/ACA 16/2026/MGU എന്നീ സർവ്വകലാശാല ഉത്തരവുകളും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 50/26.02/80917/P&D 1-2/2024** **School of Environmental Sciences- Construction of additional floor for MSc Geology Department – Revision of the Estimate – Resolution of the Syndicate Standing Committee on Planning & Development – Approved by the Vice Chancellor exercising the powers under Chapter III section 10(17) of MGU Act, 1985-Issuance of U.O No. 946/P&D 1/2026/MGU dated: 27.01.2026 – reported-reg**

As per the University Order No. 6911/P&D 1/2025/MGU dated. 28.07.2025, the Syndicate resolved to entrust the Engineering Unit with the revision of the estimate submitted for the construction of new classrooms for 4+1 programmes, above the School of Environmental Science building, so as to setup classrooms, laboratories and other amenities suitable for the functioning of MSc Geology department and to resubmit the estimate with necessary modifications accordingly.

The University Engineer submitted an estimate of ₹1,11,11,930/- for carrying out the construction of classrooms and laboratory for M.Sc Geology Department atop School of Environmental Science building(Civil works- ₹ 99,26,000/- & Electrical works- ₹ 11,85,930/-) along with the certification that the estimate for the civil works has been prepared as per 2021 DSR Price (Cost Index:44.45%) and the

estimate for the electrical works has been prepared as per the 2022 DSR Price. The estimate had been verified and given concurrence by Finance Wing following which the Vice Chancellor placed the matter before the Syndicate.

The meeting of the Syndicate Standing Committee on Planning & Development held on 08.01.2026 reviewed the matter and as per minutes (item no. 80917/P&D 1-2/2024), recommended to entrust the University Engineer with the urgent revision of the current estimate, limiting the same below ₹ 1 crore and to submit the revised estimate for consideration before the next meeting of the Syndicate Standing Committee on Planning & Development.

The Vice Chancellor has approved the above recommendations by exercising powers under Chapter III Section 10(17) of Mahatma Gandhi University Act 1985 consequent to which U.O No. 946/P&D 1/2026/MGU dated: 27.01.2026 has been issued .

The action of the Vice Chancellor by exercising powers under chapter III Section 10(17) of the Mahatma Gandhi University Act 1985 as mentioned above and the consequent issuance of U.O No. 946/P&D 1/2026/MGU dated: 27.01.2026 was reported to the Syndicate.

**ഇനംനമ്പർ 51/26.02/12808/ACA1 SO/2026** **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് - MASWDSA പ്രോഗ്രാമിന്റെ സീറ്റുകളുടെ എണ്ണം 20 ആക്കി വർദ്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്:-**

2025-26 മുതൽ 2027-28 വരെയുള്ള അക്കാദമിക് വർഷങ്ങളിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തുന്ന MASWDSA പ്രോഗ്രാമിന്റെ സീറ്റുകളുടെ എണ്ണം 8 ൽ നിന്ന് 20 സീറ്റുകളായി വർദ്ധിപ്പിക്കുന്നതിന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ 11.02.2026 തീയതിയിൽ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.02.2026 തീയതിയിലെ 1550/AC A 1/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 52/26.02/2186/AC A1-2/2025 (PART IV)** **സർവ്വകലാശാല നൽകുന്ന സേവനങ്ങൾ - സ്വാശ്രയ കോളേജുകൾ/സ്വാശ്രയ പ്രോഗ്രാമുകൾ എന്നിവയുടെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതിന് മുന്നോടിയായി - സർക്കാർ ഉത്തരവ് പ്രകാരം ടി സേവനങ്ങൾക്ക് 5% ഫീസ് വർദ്ധിപ്പിച്ചു കൊണ്ട് സർവകലാശാലാ ഉത്തരവ് നം . 1643/AC /A 1/2026 /MGU തീയതി 16.02.2026 പുറപ്പെടുവിച്ചത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്:-**

2026-'27 അധ്യയന വർഷം സ്വാശ്രയ കോളേജുകളുടെയും സ്വാശ്രയ പ്രോഗ്രാമുകളുടെയും താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതിനാൽ ടി സേവനങ്ങൾക്കുള്ള ഫീസ് 5% നിരക്കിൽ ചുവടെ പ്രതിപാദിക്കും വിധം വർദ്ധിപ്പിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.02.2026 തീയതിയിലെ 1643/ACA 1/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 53/26.02/67761/AD A7-1/2025 (PART I)** **ഗ്രാജ്ജുവേറ്റ് സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ഇംഗ്ലീഷ്) എന്ന താൽക്കാലിക തസ്തികയിലേയ്ക്കുള്ള കരാർ നിയോഗത്തിനായി നടന്ന അഭിമുഖത്തിന്റെ നടപടിക്രമവും തിരഞ്ഞെടുപ്പ് സമിതി തയ്യാറാക്കിയ റാങ്ക് പട്ടികയും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഗ്രാജ്ജുവേറ്റ് സ്കൂൾ-ലെ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (ഇംഗ്ലീഷ്) എന്ന താൽക്കാലിക തസ്തികയിലേക്ക് കരാർ നിയോഗത്തിനായി നടന്ന അഭിമുഖത്തിന്റെ നടപടിക്രമവും, തിരഞ്ഞെടുപ്പ് സമിതി തയ്യാർ ചെയ്ത റാങ്ക് പട്ടികയും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.02.2026 തീയതിയിലെ 1339/ADA7/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 54/26.02/13971/AC A5-2/2026** **സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിവരുന്ന 4+1 ഇന്റഗ്രേറ്റഡ് യു.ജി & പി.ജി പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിലെ ഇന്റേൺഷിപ് (സമ്മർ) കോഴ്സുകളായ MG4INTUBS261: ADVANCED INSTRUMENTATION FOR BIO-MOLECULAR CHARACTERISATION, MG4INTUBS262: FUNDAMENTAL TECHNIQUES IN BIOCHEMISTRY എന്നിവയുടെ സിലബസ് അംഗീകരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ബയോസയന്സസിൽ നടത്തിവരുന്ന 4+1 ഇന്റഗ്രേറ്റഡ് യു.ജി & പി.ജി പ്രോഗ്രാമിന്റെ നാലാം സെമസ്റ്ററിലെ ഇന്റേൺഷിപ് (സമ്മർ) കോഴ്സുകൾ ആയ MG4INTUBS261: Advanced Instrumentation for Bio-molecular Characterisation, MG4INTUBS262-Fundamental Techniques in Biochemistry എന്നിവയുടെ സിലബസ് അംഗീകരിക്കുന്നതിനായി പ്രസ്തുത കോഴ്സുകളുടെ സിലബസ് ഉള്ളടക്കം ചെയ്തുകൊണ്ട് 16.02.2026 തീയതിയിൽ വകുപ്പ് മേധാവി കത്ത് മുഖേന ശിപാർശ സമർപ്പിച്ചിരുന്നു.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.02.2026 തീയതിയിലെ 1702/AC A5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V, സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 55/26.02/83033/P&D 1-2/2024** **Construction of the Convergence Academia Complex - Judgment of Hon'ble High Court of Kerala in WP(C) No. 24702/2024 filed by MEPCE Electrical Engineers - payment of Rs. 16,12,097/- to CPWD- Sanctioned- exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985- issuance of U.O No. 1538/P&D 1/2026/MGU dated: 11.02.2026 - reported to Syndicate-reg**

In connection with the Construction of Convergence Academia Complex (CAC), writ petition WP(C) No. 24702/2024 was filed by M/s MEPCE Electrical Engineers against Central Public Works Department (CPWD) for releasing the amount of Rs. 16,12,097/- wherein CPWD was impleaded as respondent Nos 1-3 and the University was impleaded as the 4th respondent.

As per the Judgment dated 25.08.2025, the writ petition was disposed of by the Hon'ble High Court of Kerala, "directing the respondents Nos 1 to 3, to submit the expenditure statement before the 4th respondent University within 10 days from the date of receipt of copy of this judgement. Thereupon, necessary steps shall be taken by the 4th respondent to release the funds. This shall be done within a

period of two months from the date of receipt of expenditure statement from the respondents 1 to 3 and thereafter release to the petitioner"

In compliance with the Court Judgment, CPWD, provided a statement relating to the construction of Convergence Academia Complex which was grossly inadequate to ascertain the value of the work done.

In this context the Syndicate as per University Order No. 10865/P&D1/2025/MGU dated. 19.11.2025, resolved to obtain the item-wise expenditure statement related to the construction of Convergence Academia Complex from CPWD, entrusting the same with the Registrar and to sanction the amount, on receipt of the said statement of expenditure.

Finally the University received documents/bills for the claim of Rs. 16,12,097/- from CPWD on 27.01.2026. However by that time the Petitioner had filed the Contempt Case(C) 244/2026 against CPWD and the University, on 24.01.2026. The expenditure statement submitted by CPWD on 27.01.2026 has been verified by the Engineering Wing and it was reported that as per the documents submitted, an amount of Rs.16,12,097/- can be released to the Petitioner. Based on the report of the University Engineer, the Finance wing has given concurrence for the payment.

In light of the above and in compliance with the judgement of the Hon'ble HC in WP(C)No.24702/24 dtd 25.8.25, sanction has been accorded by the Vice Chancellor to the following, by exercising powers under Chapter III Section 10(17) of the Mahatma Gandhi University Act 1985

- Release of ₹ 16,12,097/-(Rupees Sixteen Lakh Twelve Thousand and Ninety Seven only) to CPWD.
- To debit the expenditure in this regard from the head of account "25 101 11 Amphi Theatre, rest rooms for ladies/Gents, New Canteen / Infrastructure Development" provided in the MGU Budget Estimates 2025-26.

U.O No. 1538/P&D 1/2026/MGU dated: 11.02.2026 has been issued in this regard.

The action of the Vice Chancellor by exercising powers under chapter III Section 10(17) of the Mahatma Gandhi University Act 1985 as mentioned above and the consequent issuance of U.O No. 1538/P&D 1/2026/MGU dated: 11.02.2026 was reported to the Syndicate.

**ഇനംനമ്പർ 56/26.02/153533/AD A3-3/2021 (PART III)** **സ്കൂൾ ഓഫ് ബയോസയൻസസ് വിഭാഗത്തിൽ വെറ്ററിനേറിയൻ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമനം നടത്തുന്നത് സംബന്ധിച്ച്.**

സ്കൂൾ ഓഫ് ബയോസയൻസസ് വിഭാഗത്തിൽ വെറ്ററിനേറിയൻ തസ്തികയിൽ കരാറടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിനായി 23.01.2026 തീയതി വിജ്ഞാപനം പുറപ്പെടുവിക്കുകയും, 04.02.2026 തീയതി അഭിമുഖം നടത്തുകയും ചെയ്തിരുന്നു. ടി നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ യോഗ നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.02.2026 തീയതിയിലെ 1283/AD A3/2026/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 57/26.02/10129/EA 2-1/2026** **എം.ജി.യു.-യു.ജി.പി./എം.ജി.യു.-ബി.ബി.എ./ എം.ജി.യു.-ബി.സി.എ./എം.ജി.യു.- ബി.വോക്.(ഓണേഴ്സ്) പ്രോഗ്രാമുകൾക്ക് സ്പെഷ്യൽ പരീക്ഷ അനുവദിക്കുന്നത് - മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ ചട്ടങ്ങളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ അനുസരിച്ചും നിലവിലുള്ള സർവ്വകലാശാല ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ എം.ജി.യു.-യു.ജി.പി. (ഓണേഴ്സ്), എം.ജി.യു.-ബി.ബി.എ. (ഓണേഴ്സ്), എം.ജി.യു.-ബി.സി.എ. (ഓണേഴ്സ്), എം.ജി.യു.-ബി.വോക്. (ഓണേഴ്സ്) എന്നീ പ്രോഗ്രാമുകൾക്ക് I മുതൽ VIII വരെയുള്ള സെമസ്റ്ററുകളിൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ അനുവദിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.02.2026 തീയതിയിലെ 1614/EA 2/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 58/26.02/99028/AC B7-1/2025** **പാലാ സെന്റ് തോമസ് സ്വയംഭരണ കോളേജിൽ രണ്ടു പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും ഒരു പ്രോഗ്രാമിന് അധിക ബാച്ച് ആരംഭിക്കുന്നതിനുമുള്ള അപേക്ഷയിലെ ഹൈക്കോടതി വിധി നടപ്പാക്കി പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

പാലാ, സെന്റ് തോമസ് സ്വയംഭരണ കോളേജിൽ 2025-26 അദ്ധ്യയന വർഷം മുതൽ ബി.എസ്.സി സൈക്കോളജി (40 സീറ്റ്), എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി (12 സീറ്റ്) എന്നീ പ്രോഗ്രാമുകൾ പുതിയതായി ആരംഭിക്കുന്നതിനും നിലവിലുള്ള ബി.സി.എ പ്രോഗ്രാമിന് 40 സീറ്റോട് കൂടി അധിക ബാച്ച് ആരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകൾ സിൻഡിക്കേറ്റ് പരിഗണിച്ച് സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞ ശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു.

ഇതിനെതിരെ പ്രസ്തുത കോളേജ് ഹൈക്കോടതിയിൽ സമർപ്പിച്ച 2025-ലെ സിവിൽ റിട്ട് ഹർജ്ജി നമ്പർ 36907 ലെ അന്തിമ വിധി പ്രകാരം കോളേജ് സമർപ്പിച്ച പാഠ്യക്രമങ്ങൾ പരിശോധിച്ച് തൃപ്തികരമാണെങ്കിൽ കോളേജ് എല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ അപേക്ഷകൾ പരിഗണിച്ച് രണ്ട് മാസങ്ങൾക്കകം അഫിലിയേഷൻ നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ 2025-ലെ സിവിൽ റിട്ട് ഹർജ്ജി നമ്പർ 22027 ലെ ഇടക്കാല വിധി പ്രകാരം പാലാ സെന്റ് തോമസ് സ്വയംഭരണ കലാലയം ഉൾപ്പെടെ ഉള്ള സ്വയംഭരണ കലാലയങ്ങളിൽ നിന്നും പാഠ്യക്രമ അംഗീകാരത്തിനായുള്ള ഫീസ് വാങ്ങുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

പാലാ സെന്റ് തോമസ് സ്വയംഭരണ കലാലയ പ്രിൻസിപ്പലിന്റെ 27.12.25 -ലെ കത്ത് പ്രകാരം ഹൈക്കോടതി വിധിപ്പകർപ്പ്, പ്രോഗ്രാമുകളുടെ പാഠ്യക്രമങ്ങൾ എന്നിവ സമർപ്പിച്ചിരുന്നു. വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച്, പാഠ്യക്രമ അംഗീകാരത്തിനായുള്ള ഫീസ് ഈടാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിട്ട് ഹർജ്ജിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി പാഠ്യക്രമ അംഗീകാരത്തിനായുള്ള ഫീസ് അടയ്ക്കുന്നതാണ് എന്ന പ്രിൻസിപ്പലിന്റെ സത്യവാങ്മൂലംവാങ്ങി പാഠ്യക്രമങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ അപേക്ഷകളിൽ പരിശോധന നടത്തുന്നതിനായി അഡ്വ.പി.ബി.സതീഷ് കുമാർ, സിൻഡിക്കേറ്റ് അംഗം-നെയും വിഷയ വിദഗ്ധരായി ഡോ.ധന്യ ജോബ്, അസിസ്റ്റന്റ് പ്രൊഫസർ ബിപിസി കോളേജ് പിറവം (ബിസിഎ), ഡോ.സീന എം മത്തായി, അസോസിയേറ്റ് പ്രൊഫസർ, യൂണിയൻ ക്രിസ്ത്യൻ കോളേജ് ആലുവ (ബിഎസ്സി സൈക്കോളജി), ഡോ.സിമി കെ പുഷ്പൻ, അസിസ്റ്റന്റ് പ്രൊഫസർ, യൂണിയൻ ക്രിസ്ത്യൻ കോളേജ് ആലുവ (എംഎസ്സി ഫുഡ് സയൻസ് & ടെക്നോളജി) എന്നിവരേയും നിയോഗിച്ച് കൊണ്ട് വൈസ്ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.02.2026 തീയതിയിലെ 1656/ACB7/2026/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 59/26.02/120259/AC A1-3/2023** **നിർമ്മല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ (സ്വാശ്രയം) - 2025-'26 അദ്ധ്യയന വർഷം M.Ed Special Education (Learning Disability) പ്രോഗ്രാം ആരംഭിക്കുന്നതിനായി നൽകിയ അപേക്ഷ - വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:**

മൂവാറ്റുപുഴ, നിർമ്മല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷനിൽ 2025-'26 അദ്ധ്യയന വർഷം മുതൽ 10 സീറ്റോടുകൂടി M.Ed Special Education (Learning Disability) പ്രോഗ്രാം ആരംഭിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അഫിലിയേഷൻ യോഗത്തിന്റെ ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.01.2026 തീയതിയിലെ 984/Ac A1/2026/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 60/26.02/110670/AC B6-4/2025** **CAT 2026 - പ്രവേശന പരീക്ഷയുടെ ഫീസ് പരിഷ്കരിക്കുന്നതിന് അനുവദിച്ച നടപടി സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്-**

2026-2027 അക്കാദമിക വർഷം മുതൽ CAT പരീക്ഷയുടെ ഫീസ് ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പരിഷകരിക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17)

പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.02.2026 തീയതിയിലെ 1642/ACB6/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 61/26.02/8879/AC A5-1/2026** **ITEP പ്രോഗ്രാം ആരംഭിക്കുന്നതിനായുള്ള ഫാക്കൽറ്റി തെരഞ്ഞെടുപ്പ്-18.02.2026 തീയതിയിൽ വൈസ് ചാൻസലറുടെ ചേമ്പറിൽ നടന്ന ITEP വിദഗ്ധ സമിതിയുടെ യോഗത്തിന്റെ മിനുട്സ് ഇനം നം.10 ശിപാർശയിന്മേൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതിയതായി ആരംഭിക്കുന്ന Integrated Teacher Education Programme (ITEP)-ന്റെ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ വിദഗ്ധ സമിതിയുടെ ആദ്യ യോഗം 18.02.2026 തീയതിയിൽ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ വൈസ് ചാൻസലറുടെ ചേംബറിൽ നടന്നു. പ്രസ്തുത യോഗത്തിന്റെ ശിപാർശ ഇനം നമ്പർ.10 ചുവടെ ചേർക്കുന്നു.

ഫാക്കൽറ്റി തെരഞ്ഞെടുപ്പ് - ITEP സെക്കന്ററി ലെവലിൽ ആരംഭിക്കുന്നതിനായി ആകെ 22 ഫാക്കൽറ്റി അംഗങ്ങൾ ആവശ്യമാണ് (B.Sc. B.Ed, B.A.B.Ed എന്നീ പ്രോഗ്രാമുകൾക്ക് 2 യൂണിറ്റുകൾ വീതം). അതിനായി മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും 16 ഫാക്കൽറ്റി അംഗങ്ങളെ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും, നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും അധ്യാപകരെ നിയമിക്കുന്നതിനും, താഴെ പരാമർശിച്ചിരിക്കുന്ന തസ്തികകളിലേക്ക് ഉടൻ തന്നെ നിയമനം നടത്തുന്നതിനും യോഗം ശിപാർശ ചെയ്തു.

ഇംഗ്ലീഷ് :2

ഹിന്ദി : 1

പൊളിറ്റിക്കൽ സയൻസ് :1

എക്കണോമിക്സ് :1

(അധ്യാപക നിയമനത്തിനുള്ള യോഗ്യത NCTE മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും.)

പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.02.2026 തീയതിയിലെ 1815/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 62/26.02/10208/AC A12-2/2026** **B.Voc. (Honours) Business Accounting and Taxation – രണ്ട്, മൂന്ന് സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ – മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

09.02.2026 തീയതിയിൽ Accounting and Banking വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Business Accounting and Taxation പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ Computerized Accounting (MG2SDCBTX101) എന്ന വിഷയത്തിന്റെ CO4 ന്റെ Learning Domain 'Valuing' എന്നത് 'Understanding' ആയി പരിഷ്കരിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നു. അതോടൊപ്പം, രണ്ടാം സെമസ്റ്ററിലെ On-the-Job Training (OJT) ന്റെ Course Code ആയ MG1SDCBTX103 എന്നത് MG2SDCBTX103 എന്നാക്കി മാറ്റുന്നതിനും, 'സെമസ്റ്റർ 1' എന്ന് രേഖപ്പെടുത്തിയിരുന്നത് തിരുത്തി 'സെമസ്റ്റർ 2' ആക്കുന്നതിനും കൺവീനർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, മൂന്നാം സെമസ്റ്ററിലെ MDC കോഴ്സിന്റെ പേര് index - ൽ 'Literature and Kerala Renaissance' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 'Taxation and Economic Development in Kerala' എന്നാക്കി മാറ്റുന്നതിനും, സിലബസിൽ മൂന്നാം സെമസ്റ്ററിലെ MDC കോഴ്സിന്റെ വിശദമായ ഉള്ളടക്കം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് കൂടി ചേർക്കുന്നതിനും കൺവീനർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.02.2026 തീയതിയിലെ 1760/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 63/26.02/10368/AC A12-2/2026** **B.Voc. (Honours) Agro Food Processing - രണ്ടാം സെമസ്റ്റർ സിലബസ് പരിഷ്കരിക്കുന്നതിനുള്ള ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985 അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച് :**

03.02.2026 തീയതിയിൽ Agriculture and Sustainability വിദഗ്ധ സമിതിയുടെ കൺവീനർ, B.Voc. (Honours) Agro Food Processing പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന Food Chemistry എന്ന വിഷയത്തിന്റെ Learning Approach ൽ തെറ്റായി രേഖപ്പെടുത്തിയിരുന്ന practical credit 2 എന്നത് തിരുത്തി 1 എന്നാക്കി മാറ്റുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.02.2026 തീയതിയിലെ 1759/AC A 12/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 64/26.02/16593/AC A5-2/2026** **കോട്ടയം പബ്ലിക് ലൈബ്രറിയുടെ മ്യൂസിക് അക്കാദമിയുമായി ചേർന്ന് ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP) പുതിയതായി ആരംഭിക്കുന്ന വെസ്റ്റേൺ മ്യൂസിക് പ്രോഗ്രാമുകളുടെ സിലബസ് - DASP അക്കാദമിക് കോർ കമ്മിറ്റിയുടെ ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം വൈസ്ചാൻസലർ അംഗീകരിച്ചത്- സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

കോട്ടയം പബ്ലിക് ലൈബ്രറിയുടെ മ്യൂസിക് അക്കാദമിയുമായി ചേർന്ന് DASP-ൽ പുതുതായി ആരംഭിക്കുന്ന താഴെ പറയുന്ന വെസ്റ്റേൺ മ്യൂസിക് പ്രോഗ്രാമുകളുടെ സിലബസുകൾ അംഗീകരിക്കുന്നതിനായി 04.02.2026 തീയതിയിൽ നടന്ന DASP അക്കാഡമിക് കോർ കമ്മിറ്റിയുടെ യോഗം ശിപാർശ സമർപ്പിച്ചിരുന്നു.

1. സർട്ടിഫിക്കറ്റ് ഇൻ വെസ്റ്റേൺ മ്യൂസിക്
2. ഡിപ്ലോമ ഇൻ വെസ്റ്റേൺ മ്യൂസിക്
3. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ വെസ്റ്റേൺ മ്യൂസിക്

മേൽപ്പറഞ്ഞ പ്രോഗ്രാമുകളുടെ സിലബസുകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.02.2026 തീയതിയിലെ 1812/AC A 5/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 65/26.02/14627/ACA1 SO/2026**

**മഹാത്മാഗാന്ധി സർവ്വകലാശാല - സപ്ലിമെന്ററി പ്രാക്ടിക്കൽ ഫീസ് പരിഷ്കരണം - സിൻഡിക്കേറ്റ് മെമ്പർ ഡോ. A. S. സുമേഷ് നൽകിയ ശിപാർശ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ച നടപടി - സർവകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ U.O. No. 3063/AC A1/2025 പ്രകാരം എം.ജി.യു.-യൂ.ജി.പി പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടനയിൽ, *Each Practical* എന്ന വിഭാഗത്തിൽ സപ്ലിമെന്ററി പരീക്ഷകൾക്ക് (Major/Minor/Core) Rs. 300/- ഉം, MDC/MDE/SEC/VAC കോഴ്സുകൾക്ക് Rs. 200/- ആയി പുതുക്കി നിശ്ചയിക്കണമെന്ന് ഡോ. A. S. സുമേഷ് (സിൻഡിക്കേറ്റ് മെമ്പർ) 17.02.2026 തീയതിയിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.02.2026 തീയതിയിലെ 1701/AC A 1/2026/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

**ഇനംനമ്പർ 66/26.02/13509/AC A1-3/2026**

**മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ട്രെയിനിംഗ് കോളേജുകളിലും നടത്തപ്പെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെയും, സ്വാശ്രയ ട്രെയിനിംഗ്/ ലോ കോളേജുകളുടെയും അവിടെ നടത്തപ്പെടുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെയും താല്കാലിക അഫിലിയേഷൻ 2026-'27 അദ്ധ്യയനവർഷത്തേക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന സമിതിയെ നിയമിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം സർവ്വകലാശാല ഉത്തരവ് നം.1715/Ac A1/2026/എം.ജി.യൂ തീയതി:18.02.2026 പുറപ്പെടുവിച്ച വിവരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടന്നുവരുന്ന സ്വാശ്രയ പ്രോഗ്രാമുകൾ, എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ സ്വാശ്രയ പ്രോഗ്രാമുകൾ, സ്വാശ്രയ ട്രെയിനിംഗ് കോളേജുകൾ, സ്വാശ്രയ ലോ കോളേജുകൾ, ടി കോളേജുകളിൽ നടന്നുവരുന്ന പ്രോഗ്രാമുകൾ എന്നിവയുടെ താല്കാലിക അഫിലിയേഷൻ, 2026-'27 അദ്ധ്യയന വർഷത്തേയ്ക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട്, പരിശോധന സമിതിയെ നിയമിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.02.2026 തീയതിയിലെ 1715/AcA1/2026/എം.ജി.യൂ നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

## (II) ക്രമ ഇനങ്ങൾ

## (I) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 67/26.02/35112/AC A2-1/2025**

**ഗവേഷണം - ഇംഗ്ലീഷ് വിഷയം - 2000 ജൂലൈ സെഷൻ - ശ്രീമതി. ഇന്ദു കെ എസ് - ഗവേഷണ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടിരിക്കെ പ്രബന്ധ സമർപ്പണത്തിനു നൽകിയ സമയപരിധിയിലും പ്രബന്ധം സമർപ്പിക്കാത്തതിനാൽ ഒരു മാസത്തെ ദീർഘിപ്പിക്കൽ കൂടി അനുവദിക്കുന്നത് സംബന്ധിച്ച**

06.02.2026 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം.1287/ACA10/2026/എംജിയു പ്രകാരം പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 31.03.2026 തീയതി വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ ആവശ്യമായ ഫീസുകൾ ഒടുക്കിക്കൊണ്ട് ടിയാൾക്ക് പ്രസ്തുത തീയതിക്കുള്ളിൽ പ്രബന്ധസമർപ്പണത്തിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 68/26.02/77238/AC A6-3/2025** **ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയ അപേക്ഷ - ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് - സംബന്ധിച്ച്**

പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിലെ ബിരുദാനന്തര ബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ Dr. Adon Jose, Dr. Thomas Mathew എന്നിവരെ പ്രസ്തുത ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗദർശികളായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 69/26.02/126242/AC A6-1/2025** **ഉഴവൂർ, സെന്റ് സ്റ്റീഫൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Navitha Elizabeth Jose കുറവിലങ്ങാട്, ദേവ മാതാ കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ഉഴവൂർ, സെന്റ് സ്റ്റീഫൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Navitha Elizabeth Jose-ന് കുറവിലങ്ങാട്, ദേവ മാതാ കോളേജിലെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 70/26.02/46848/AC A10/2/എ സി സി 1** **ബിനുരാജ് കെ എസ് - 2011 അഡ്മിഷൻ - വിഷയം: ഡെവലപ്മെന്റ് സ്റ്റഡീസ് - SGTDS കേന്ദ്രം - ഗവേഷണ മാർഗ്ഗദർശിയുടെ നിര്യാണത്തെത്തുടർന്ന്, പ്രബന്ധസമർപ്പണത്തിന് വേണ്ടി മറ്റൊരു മാർഗ്ഗദർശിയെ അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷ :-**

05.05.2025 തീയതിയിലെ സ.ഉ.നം.4125/ACA13/2025/എംജിയു പ്രകാരം രൂപീകരിച്ച സിൻഡിക്കേറ്റ് സമിതി തീരുമാനിച്ച ഫീസ് ഒടുക്കികൊണ്ട് നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ടിയാൾക്ക് നൽകുന്നതിനും, നിലവിലെ മാർഗ്ഗദർശിയായ Dr. T. M. JOSEPH-ൽ നിന്നും ഗവേഷണ മാർഗ്ഗദർശിത്വം School of Gandhian Thought and Development Studies, അസിസ്റ്റന്റ് ഫൊഫസറായ Dr. Nisha Vellapan Nair- ലേക്ക് മാറ്റി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 71/26.02/44117/AC A10-1/2023** **പി.എച്ച്.ഡി. പ്രോഗ്രാം - കോമേഴ്സ് - 2022 അഡ്മിഷൻ - Jean Mary Aruja - ഗവേഷണ മാർഗ്ഗദർശിയെ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിൽ കോമേഴ്സ് വിഷയത്തിൽ പൂർണ സമയ ഗവേഷകയായ Jean Mary Aruja-യുടെ ഗവേഷണ മാർഗ്ഗദർശിത്വം Dr. Asha E Thomas ൽ നിന്നും കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ തന്നെ കോമേഴ്സ് വിഭാഗത്തിലെ ഗവേഷണ മാർഗ്ഗദർശിയായ Dr. Gibin Jacob ലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 72/26.02/86270/AC A6-3/2025** **കോട്ടയം, KSCSTE- Institute for Climate Change Studies മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്,**

കോട്ടയം, KSCSTE- Institute for Climate Change Studies -നെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സെനോ ജോസ് (സിൻഡിക്കേറ്റ് അംഗം), ഡോ. പി.ആർ. ബിജു, സ്കൂൾ ഓഫ് പ്യുവർ & അപ്ലൈഡ് ഫിസിക്സ് (വിഷയ വിദഗ്ധൻ) എന്നിവരടങ്ങിയ പരിശോധനാ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 73/26.02/124598/AC A6-1/2025** **തൊടുപുഴ, ന്യൂമാൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr. Jerome K Jose അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

തൊടുപുഴ, ന്യൂമാൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ Dr.Jerome K Jose-ന് ഇതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഇംഗ്ലീഷിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 74/26.02/124413/AC A6-1/2025** **മൂവാറ്റുപുഴ, നിർമല കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Lincy Tom അതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മൂവാറ്റുപുഴ, നിർമല കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Lincy Tom-ന് ഇതേ കോളേജിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/26.02/124914/AC A6-1/2025** **മാല്യങ്കര, എസ്.എൻ.എം കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Krishnakumar U R കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മാല്യങ്കര, എസ്.എൻ.എം കോളേജിലെ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Krishnakumar U R-ന് കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കോമേഴ്സിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 76/26.02/140329/AC A10-1/2023** **പി.എച്ച്.ഡി. പ്രോഗ്രാം - കോമേഴ്സ് - 2015 അഡ്മിഷൻ - Christy George M. J. - ഗവേഷണ മാർഗ്ഗദർശിയെ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിൽ കോമേഴ്സ് വിഷയത്തിൽ ഭാഗിക സമയ ഗവേഷകനായ Christy George M. J. യുടെ ഗവേഷണ മാർഗ്ഗദർശിത്വം Dr. Asha E Thomas ൽ നിന്നും കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ തന്നെ കോമേഴ്സ് വിഭാഗത്തിലെ ഗവേഷണ മാർഗ്ഗദർശിയായ Dr. Gibin Jacob ലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 77/26.02/2715/AC A13-3/2026** **Priya Jagadeesh (MGUPHD240702) - 2024 അഡ്മിഷൻ പൂർണ്ണ സമയ ഗവേഷക - നിയമം വിഷയം - നിലവിലെ ഗവേഷണ മാർഗ്ഗദർശിയെ മാറ്റി, പുതിയ ഗവേഷണ മാർഗ്ഗദർശിയെ അനുവദിക്കണമെന്ന് കാണിച്ചുകൊണ്ട്, മതിയായ ഫീസ് അടച്ചു സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്:-**

School of Indian Legal Thought (SILT) ഗവേഷണ കേന്ദ്രമായി നിയമം വിഷയത്തിൽ ഗവേഷണം നടത്തുന്ന Priya Jagadeesh (MGUPHD240702) -ന്റെ ഗവേഷണ മാർഗ്ഗദർശിത്വം Dr. Sheeba Pillai ൽ നിന്നും ഇതേ ഗവേഷണ കേന്ദ്രത്തിലെ ഗവേഷണ മാർഗ്ഗദർശിയായ Dr. Arathi P M - ലേക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 78/26.02/135888/AC A10-1/2023** **പി.എച്ച്.ഡി. പ്രോഗ്രാം - കോമേഴ്സ് - 2015 അഡ്മിഷൻ - Teresa Stephen - ഗവേഷണ മാർഗ്ഗദർശിയെ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

കളമശ്ശേരി, സെന്റ് പോൾസ് കോളേജിൽ കോമേഴ്സ് വിഷയത്തിൽ ഭാഗിക സമയ ഗവേഷകയായ Teresa Stephen ന്റെ ഗവേഷണ മാർഗ്ഗദർശിത്വം Dr. Asha E Thomas ൽ നിന്നും കളമശ്ശേരി, സെന്റ് പോൾസ് കോളേജിലെ തന്നെ കോമേഴ്സ് വിഭാഗത്തിലെ ഗവേഷണ മാർഗ്ഗദർശിയായ Dr. Gibin Jacob ലേയ്ക്ക് മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 79/26.02/7118/AC A10-4/2025** — **പി . എച്ച്. ഡി. പ്രോഗ്രാം – കോഴ്സ് വർക്ക് ഹൈബ്രിഡ് മോഡിൽ പൂർത്തിയാക്കുന്നത് സംബന്ധിച്ച സർവകലാശാല ഉത്തരവ് നമ്പർ 6774/ACA10/2025/MGU തീയതി 25.07.2025 പ്രകാരം രൂപീകരിക്കപ്പെട്ട സിൻഡിക്കേറ്റ് സമിതിയുടെ റിപ്പോർട്ട് – സംബന്ധിച്ച് .**

ഗവേഷക വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് ഹൈബ്രിഡ് മോഡിൽ പൂർത്തിയാക്കുന്നതിനു എല്ലാ ഗവേഷണ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകുന്നതിന് Standard Operating Procedure (SOP) തയ്യാറാക്കി സമർപ്പിക്കുന്നതിനായി 25.07.2025 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 6774/AC A10/2025/MGU പ്രകാരം രൂപീകൃതമായ സിൻഡിക്കേറ്റ് സമിതി സമർപ്പിച്ച താഴെ പറയുന്ന നിർദേശങ്ങൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

1. പാർട്ട് ടൈം ഗവേഷക വിദ്യാർത്ഥികൾക്ക് കോഴ്സ് വർക്കിന്റെ ആദ്യത്തെ മൂന്നു മാസം (ഏപ്രിൽ – ജൂൺ) ഓഫ് ലൈൻ ആയും രണ്ടാമത്തെ മൂന്നു മാസം (ജൂലൈ – സെപ്റ്റംബർ ) ഹൈബ്രിഡ് /ബ്ലെൻഡഡ് മോഡിലും പൂർത്തിയാക്കാവുന്നതാണ്. ഇതിൽ 75% അറ്റൻഡൻസ് നിർബന്ധമാണ്. ഹൈബ്രിഡ് മോഡ് അനുവദനീയമായ 3 മാസ കാലയളവിൽ 15 ദിവസമെങ്കിലും റിസേർച്ച് സെന്ററിൽ ഹാജരാകേണ്ടതാണ്.

2. എല്ലാ റിസേർച്ച് സെന്ററുകളും LMS പ്ലാറ്റ്ഫോം സൗകര്യം ഉറപ്പു വരുത്തേണ്ടതാണ്. ഇതിൽ എല്ലാ ഗവേഷക വിദ്യാർത്ഥികളും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. റെക്കോർഡ് ക്ലാസ്സുകളും LMS പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്താവുന്നതാണ്.

3. LMS കോ-ഓർഡിനേറ്റ് ചെയ്യേണ്ടത് റിസർച്ച് കോ-ഓർഡിനേറ്ററാണ്. എന്നാൽ attendance നിലവിലുള്ള രീതി തുടർന്ന് വന്നാൽ മതിയാകും.

**ഇനംനമ്പർ 80/26.02/125280/AC A6-1/2025** — **കോട്ടയം, റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ റബ്ബർ ടെക്നോളജി ഡിവിഷൻ വിഭാഗം Scientist C ആയ Dr. Manoj Kurian Jacob അതേ കേന്ദ്രത്തിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കോട്ടയം, റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലെ റബ്ബർ ടെക്നോളജി ഡിവിഷൻ വിഭാഗം Scientist C ആയ Dr. Manoj Kurian Jacob-ന് ഇതേ കേന്ദ്രത്തിലെ തന്നെ കെമിസ്ട്രി വിഭാഗം ഗവേഷണ കേന്ദ്രത്തിൽ കെമിസ്ട്രിയിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/26.02/66005/AC A6-3/2025** — **ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയ അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് – സംബന്ധിച്ച്**

പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, പ്രസ്തുത കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരും നിലവിൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ റിസർച്ച് ഗൈഡുമാരുമായ Dr. Newly Joseph, Dr. Stella K.A എന്നിവരുടെ ഗവേഷണ മാർഗദർശിത്വം എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നിന്നും ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലേക്ക് മാറ്റുന്നതിനും, Dr. Newly Joseph-ന്റെ കീഴിൽ ഗവേഷകയായ Taniya Vincent (Reg.No MGUPHD234367)-ന്റെ ഗവേഷണ കേന്ദ്രം എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ നിന്നും ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമെൻ-ലേക്ക് മാറ്റുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 82/26.02/85074/AC A13-1/2022** — **2014 അഡ്മിഷൻ ഹിസ്റ്ററി ഗവേഷണ വിദ്യാർത്ഥിനിയായ Tintu Skaria ഗവേഷണ കേന്ദ്രവും ഗവേഷണ മാർഗദർശിയെയും മാറ്റി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പത്തനംതിട്ട, കാതോലിക്കേറ്റ് കോളേജ് ഗവേഷണ കേന്ദ്രമായി പൂർണ സമയ രീതിയിൽ ഹിസ്റ്ററി വിഷയത്തിൽ ഗവേഷകയായ ടിൻറ്റു സ്കറിയ-യുടെ ഗവേഷണ കേന്ദ്രം പത്തനംതിട്ട, കാതോലിക്കേറ്റ് കോളേജിൽ നിന്നും ചങ്ങനാശ്ശേരി Assumption കോളേജിലേക്കും ഗവേഷണ മാർഗ്ഗദർശിത്വം Dr. Pratheep P. S.- ൽ നിന്നും Dr . Kamakshy V.-ലേക്ക് മാറ്റി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 83/26.02/88090/AC A6-3/2025** **മണർകാട് സെന്റ് മേരീസ് കോളേജിലെ ബിരുദാനന്തര ബിരുദ ഹിസ്റ്ററി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിന് നൽകിയ അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് – സംബന്ധിച്ച്**

പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, മണർകാട് സെന്റ് മേരീസ് കോളേജിലെ ബിരുദാനന്തര ബിരുദ ഹിസ്റ്ററി വിഭാഗത്തെ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിലെ തന്നെ ഹിസ്റ്ററി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Moideen C, മാന്നാനം കരിയാക്കോസ് ഏലിയാസ് കോളേജിലെ ഹിസ്റ്ററി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Tintu K.J എന്നിവരെ ഈ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 84/26.02/4722/AC A6-1/2026** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Rejeesh T.Chacko അതേ കോളേജിലെ തന്നെ Interdisciplinary Research Centre in Physical Education and Psychology -യിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Rejeesh T. Chacko-ക്ക് ഇതേ കോളേജിലെ തന്നെ Interdisciplinary Research Centre in Physical Education and Psychology-യിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/26.02/87376/AC A6-3/2025** **മുരിക്കാശേരി പാവനാത്മാ കോളേജിലെ ബിരുദാനന്തര ബിരുദ മലയാളം വിഭാഗത്തെ മഹാത്മാഗാന്ധി സര്വോകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിന് നല്കി യ അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് – സംബന്ധിച്ച്**

സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ഓവർസീർ ഗ്രേഡ് II (സിവിൽ) തസ്തികയിലേക്ക് താത്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ രണ്ടു പേരെ 90 ദിവസത്തേക്കോ പി.എസ്.സി.-യിൽ നിന്നും സ്ഥിര നിയമനം നടത്തുന്നതു വരെയോ ഏതാണോ ആദ്യം അതു വരെ നിയോഗിക്കുന്നതിനും, ഫയലിൽ പരാമർശിച്ചിരിക്കുന്ന മറ്റ് വിഷയങ്ങൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഇനംനമ്പർ 30/26.02/93533/UNIVERSITY ENGINEER/2025 പ്രകാരം രൂപീകരിച്ച കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ).26/26.02/1739/AD A7-1/2026** **SAIF- ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS/MS) എന്ന താൽക്കാലിക തസ്തികയുടെ അടിസ്ഥാന യോഗ്യത, പ്രവൃത്തി പരിചയം, പ്രതിമാസ വേതനം എന്നിവ പരിഷ്കരിക്കണമെന്ന SAIF കോർഡിനേറ്ററുടെ അപേക്ഷ - സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് :-**

സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)-ലെ ടെക്നിക്കൽ അസിസ്റ്റന്റ് (LC-MS/MS) എന്ന താൽക്കാലിക തസ്തികയിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(1) മേൽ തസ്തികയിലേക്കുള്ള യോഗ്യതയിൽ LC-MS/MS കൈകാര്യം ചെയ്ത് രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നുള്ളത് അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്ന് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

(2) Preferable qualification : Expertise in new method development, handling of trouble shooting and general maintenance of the instrument. എന്ന വ്യവസ്ഥ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

(3) ടി തസ്തികയുടെ വേതനം പ്രതിമാസം Rs. 40000/- ആയി വർധിപ്പിക്കുന്നതിന് തീരുമാനിച്ചു.

(4) ടി തസ്തികയിലെ അടുത്ത ഒഴിവിലേക്ക് പരിഗണിക്കേണ്ടത് E/B/T സംവരണ വിഭാഗത്തെയാണ്, എന്നാൽ E/B/T വിഭാഗത്തെ ഉൾപ്പെടുത്തി മുൻപ് പുറപ്പെടുവിച്ച മൂന്ന് വിജ്ഞാപനങ്ങളിലും E/B/T ഒഴിവ് നികത്തപ്പെടാനാകാത്തതിനാൽ E/B/T വിഭാഗത്തെ NCA backlog ആയി പരിഗണിച്ച് അടുത്ത സംവരണവിഭാഗമായ മുസ്ലിം വിഭാഗത്തെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

(5) മുൻ വിജ്ഞാപനത്തിലെ, തസ്തികയുടെ പേര്, പ്രായപരിധി, കരാർ കാലാവധി എന്നിവയിലെ വ്യവസ്ഥകൾ നിലനിർത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ).27/26.02** **Proceedings of the Selection Committee constituted for the selection of Assistant Professor on contract (Physics) at Institute for Integrated Programmes and Research in Basic Sciences (IIRBS), held on 16.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Assistant Professor on contract (Physics) at Institute for Integrated Programmes and Research in Basic Sciences (IIRBS), held on 16.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ).28/26.02** **Proceedings of the Selection Committee constituted for the selection of Assistant Professor on contract (Environmental Sciences) at Institute for Integrated Programmes and Research in Basic Sciences (IIRBS), held on 16.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Assistant Professor on contract (Environmental Sciences) at Institute for Integrated Programmes and Research in Basic Sciences (IIRBS), held on 16.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ).29/26.02** **Proceedings of the Selection Committee constituted for the selection of Technical Assistant (on contract) at National Institute of Plant Science Technology (NIPST), held on 16.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Technical Assistant (on contract) at National Institute of Plant Science Technology (NIPST), held on 16.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ).30/26.02** **Proceedings of the Selection Committee constituted for the selection of Technical Assistant (on contract) at SWAYAM Multimedia Lab, School of Computer Sciences, held on 16.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Technical Assistant (on contract) at SWAYAM Multimedia Lab, School of Computer Sciences, held on 16.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ.31/26.02** **Proceedings of the Selection Committee constituted for the selection of Lab Technician (on contract) in the University Health Centre, held on 16.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Lab Technician (on contract) in the University Health Centre, held on 16.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ.32/26.02** **പ്ലംബർ തസ്തികയിൽ താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയോഗം നടത്തുന്നത് - സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ - അംഗീകരിക്കുന്നത് - സംബന്ധിച്ച്.**

പ്ലംബർ തസ്തികയിൽ താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയോഗം നടത്തുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ 19.02.2026 തീയതിയിലെ നടപടിക്രമങ്ങളും കമ്മിറ്റി തയ്യാറാക്കിയ റാങ്ക് ലിസ്റ്റും അംഗീകരിക്കുന്നതിനും, റാങ്ക് ലിസ്റ്റിൽ നിന്നും ടി തസ്തികയിലേക്കുള്ള നിയോഗം നടത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.33/26.02** **Proceedings of the Selection Committee constituted for the selection of Senior Software Developer (on temporary contract basis), held on 19.02.2026 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Senior Software Developer (on temporary contract basis), held on 19.02.2026. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list.

**ഇനംനമ്പർ: ഒ.എ.34/26.02/151745/AC B7-2/2025** **തേവര, എസ്എച്ച് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷത്തെക്ക് പുതുക്കുന്നത് - സംബന്ധിച്ച്.**

തേവര, എസ്എച്ച് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷത്തെക്ക് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.35/26.02/1897/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - പുന്നക്കാട്, CSI കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് - പ്രോഗ്രാം 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

പുന്നക്കാട്, CSI കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) Animation and Graphic Design (40 Seat) എന്ന പ്രോഗ്രാം 2025-'26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയന വർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.36/26.02/82588/AC A7-1/2025** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ – ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, അങ്കമാലി – M.Com Finance & Taxation (27 Seats) പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

അങ്കമാലി, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Com Finance & Taxation (27 Seats) എന്ന പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.37/26.02/402/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – College of applied Science, IHRD, Kuttikkanam, Peermade – പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

College of applied Science, IHRD, Kuttikkanam, Peermade സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc (Hons) Computer Science (40 Seats) എന്ന പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.38/26.02/1605/AC A7-2/2026** **Nirmala Arts and Science College, Mulanthuruthy – കോളേജിൽ നടന്നുവന്നിരുന്ന BA (Hons) English (40 seats) എന്ന പ്രോഗ്രാം 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2026-2027 അധ്യയന വർഷം പുനരാരംഭിക്കുന്നത് – സംബന്ധിച്ച്.**

Mulanthuruthy, Nirmala Arts and Science College സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English (40 seats) എന്ന പ്രോഗ്രാം 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2026-2027 അധ്യയന വർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.39/26.02/49072/AC A1-1/2025** **ന്യൂമാൻ കോളേജ് , തൊടുപുഴ – സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്- സംബന്ധിച്ച് :-**

തൊടുപുഴ, ന്യൂമാൻ കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2025-26 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റേയും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രത്തിന്റെയും അടിസ്ഥാനത്തിൽ ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt. NOC | Programme - Specialization |
|---|---|---|
| Newman College, Thodupuzha | G.O(Ms)No.40/2026/ HEDN Dated: 20.01.2026 | 1. BCom (Hons) -Finance and Taxation & Co-Operation<br>2. BCom (Hons)- Co-Operation & Financial Markets<br>3. BCom (Hons)- Logistics Management & Marketing |

**ഇനംനമ്പർ: ഒ.എ്.40/26.02/59628/AC A1-1/2023** **ബി . സി . എം കോളേജ്, കോട്ടയം - സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

കോട്ടയം, ബി. സി. എം. കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25 അദ്ധ്യയന വർഷങ്ങളിൽ പുതുക്കി നല്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റേയും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രത്തിന്റെയും അടിസ്ഥാനത്തിൽ ടി കോളേജിലെ ചുവടെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-24, 2024-'25 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Name of College | Govt.NOC | Programme - Specialization 2023-24 | Programme - Specialization 2024-25 |
|---|---|---|---|
| Bishop Chulaparambil Memorial College, Kottayam | G.O(Ms)No.454/2025/HEDN Dated: 26/06/2025 | 1. B Com -Computer Applications<br>2. B Sc.Food Science and Quality Control<br>3. B.Sc.Computer Science<br>4. B.A English Literature, Communication and Journalism<br>5. Master of Social Work(MSW)<br>6. M.Sc.Home Science-Child Development<br>7. M.Com Finance and Taxation<br>8. M.Com Marketing & International Business | 1. B Com (Hons)-Finance and Taxation<br>2. BSc.(Hons)Food Science and Quality Control - On board Food Service System<br>3. B.Sc.Computer Science - Data Science and Analytics<br>4. B.A (Hons) English -Media Studies<br>5. Master of Social Work(MSW)<br>6. M.Sc.Home Science Branch X(A) -Child Development<br>7. M.Com Finance and Taxation<br>8. M.Com Marketing & International Business |

**ഇനംനമ്പർ: ഒ.എ്.41/26.02/86332/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - Bishop Vayalil Memorial Holy Cross College, Cherpunkal-പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

Bishop Vayalil Memorial Holy Cross College, Cherpunkal സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCom Data Analytics (20 Seats) പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.42/26.02/126495/AC B7-2/2025** **സ്വയംഭരണ കലാലയ പ്രിൻസിപ്പൽമാർ/ മാനേജർമാർ എന്നിവരുമായി സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി നടത്തിയ യോഗത്തെ തുടർന്ന് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.**

19.01.2026-ൽ സർവ്വകലാശാല വിളിച്ച് ചേർത്ത സ്വയംഭരണ കോളേജുകളുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

- University Grants Commission (Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations, 2023 പ്രകാരം സ്വയംഭരണ കോളേജുകളിലെ പ്രോഗ്രാമുകൾ സർവ്വകലാശാലയുടെ അക്കാദമിക് റഗുലേഷനുകൾക്കനുസൃതമായ നിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്വയംഭരണ കോളേജുകൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയുടെ

പാഠ്യക്രമത്തിൽ നിന്നും വ്യത്യസ്തമായ പാഠ്യക്രമത്തിനു നിലവിൽ ബിരുദ പ്രോഗ്രാമുകൾക്ക് ഈടാക്കുന്ന ഫീസ് തന്നെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും പ്രാബല്യത്തിൽ വരുത്തുന്നതിന് തീരുമാനിച്ചു.

- സർവ്വകലാശാലയുടെ പാഠ്യക്രമം തന്നെ സ്വീകരിക്കുന്നവരിൽ നിന്നും ഫീസ് ഈടാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.43/26.02/123503/AC A1-3/2025 ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് – സ്വാശ്രയ ലോ കോളേജുകളുടെ NOC പുതുക്കുന്നത്- ഏകീകൃത രീതിയിൽ ചെയ്യുന്നത് സംബന്ധിച്ച്.**

സംസ്ഥാനത്തെ സ്വാശ്രയ ലോ കോളേജുകളുടെ NOC പുതുക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ ഏകീകൃതമായി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് 16.12.2025 തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലഭിച്ച നമ്പർ : C1/351/2025-HEDN കത്തിലെ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് സന്നദ്ധമാണെന്ന് സർക്കാരിനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.44/26.02/120428/AC A7-1/2025 അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – Devaswom Board College, Keezhoor – പ്രോഗ്രാം 2026 –'27 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

Devaswom Board College, Keezhoor സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc (Hons) Electronics with Computer Technology (60 Seats) പ്രോഗ്രാം 2026-'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.45/26.02/122467/AC A7-1/2025 അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ- Cherpunkal, Bishop Vayalil Memorial Holy Cross College – വിവിധ പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

Cherpunkal, Bishop Vayalil Memorial Holy Cross College സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Sc Actuarial Science പ്രോഗ്രാം 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.46/26.02/121939/AC A7-3/2025 സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ St.Thomas College of Advanced Studies, Parackathanam, Mallappally, Pathanamthitta 2026 – 2027 അധ്യയന വർഷം മുതൽ B.Com (Hons) Accounting എന്ന പ്രോഗ്രാം സ്ഥിരമായി നിർ ത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

St. Thomas College of Advanced Studies, Parackathanam, Mallappally, Pathanamthitta സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Accounting (60 സീറ്റ്) എന്ന പ്രോഗ്രാം 2026-2027 അധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.47/26.02/126179/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – ഇലാഹിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് – പ്രോഗ്രാം 2026 –'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

ഇലാഹിയ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Sc (Hons) Chemisry(24 seats), B.Sc (Hons) Physics (24 seats), M.Sc Physics (12 seats) എന്നീ പ്രോഗ്രാമുകൾ 2026 – 2027 അധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.48/26.02/121934/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – പള്ളം, ബിഷപ്പ് സ്പീച്ചലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് – പ്രോഗ്രാം 2025 –'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026–'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

പള്ളം, ബിഷപ്പ് സ്പീച്ചലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSW (Hons) (40 Seats) എന്ന പ്രോഗ്രാം 2025–'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026–'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.49/26.02/2372/AC A7-3/2026** **അൺ എയ്ഡഡ് /സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനുള്ള – അപേക്ഷ സംബന്ധിച്ച്–**

SIENA College of Professional Studies, Edacochi, Ernakulam, VISAT Arts & Science College, Elanji, Ernakulam എന്നി കോളേജുകൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജുകളിലെ ചുവടെ ചേർത്തിരിക്കുന്ന പ്രോഗ്രാമുകൾ 2026–27 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനു തീരുമാനിച്ചു.

| SL NO | Name of the College | Programs | Intake |
|---|---|---|---|
| 1 | SIENA College of Professional Studies, Edacochi, Ernakulam | BCom (Hons) Accounting & Co-operation | 60 |
| 2 | VISAT Arts & Science College, Elanji,Ernakulam | 1.Bcom (Hons) Co-operation and Finance & Taxation | 40 |
| | | 2.B A (Hons) Animation & Graphic Design | 40 |

**ഇനംനമ്പർ: ഒ.എ.50/26.02/2340/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ – കോതമംഗലം, ഇന്ദിര ഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് – പ്രോഗ്രാം 2025 –'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026–'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

കോതമംഗലം, ഇന്ദിര ഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ ചുവടെ കൊടുത്തിരിക്കുന്ന പ്രോഗ്രാമുകൾ 2025 –'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026–'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

1. BSc (Hons) Chemistry
2. BSc (Hons) Physics
3. BSc (Hons) Electronics
4. BSc (Hons) Mathematics
5. BSW (Hons)
6. MA English

7. M.Com Finance and Taxation (30 seats)
8. M.Sc Computer Science
9. M.Sc Physics
10. M.Sc Zoology

**ഇനംനമ്പർ: ഒ.എ.51/26.02/86062/AC A1-1/2025** **കോട്ടയം ബി. സി. എം. കോളേജിൽ 2026-27 അധ്യയന വർഷം മുതൽ MSc Home Science (X) Branch Child Development എന്ന സ്വാശ്രയ പ്രോഗ്രാമിനു പെർമനന്റ് സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട്- സംബന്ധിച്ച്.**

കോട്ടയം ബി. സി. എം. കോളേജിൽ 2026-27 അധ്യയന വർഷം മുതൽ MSc Home Science (X) Branch Child Development എന്ന സ്വാശ്രയ പ്രോഗ്രാമിനു പെർമനന്റ് സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാർ അനുമതിക്ക് വിധേയമായി MSc Home Science (X) Branch Child Development എന്ന സ്വാശ്രയ പ്രോഗ്രാമിന്റെ സീറ്റ് 10-ൽ നിന്നും 15 ആയി സ്ഥിരമായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.52/26.02/74565/AC A1-3/2025** **ഉന്നത വിദ്യാഭ്യാസവകുപ്പ് - ലോ കോളേജുകൾ - പഞ്ചവത്സര /ത്രിവത്സര എൽ എൽ ബി പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ലോ കോളേജുകളിൽ അധികമായി സൃഷ്ടിച്ച 2 സീറ്റുകളിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്.**

2025-2026 അധ്യയന വർഷത്തെ എൽ എൽ ബി കോഴ്സുകളിലേക്കുള്ള പ്രവേശനം പൂർത്തിയായ സാഹചര്യത്തിൽ, പഞ്ചവത്സര/ത്രിവത്സര എൽ എൽ ബി പ്രവേശന പരീക്ഷയുടെ 2025-26 വർഷത്തെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ടി കോഴ്സുകളിലെ, അധികമായി അനുവദിച്ച 2 സീറ്റുകളിലേക്ക് പ്രവേശനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് 2025-2026 അദ്ധ്യയന വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.53/26.02/7050/AC A7-3/2026** **അൺ എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ PGM കോളേജ് കങ്ങഴ - 2026-2027 അദ്ധ്യയനവർഷം പുതിയ പ്രോഗ്രാമുകൾക്കായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

PGM കോളേജ് കങ്ങഴ, 2026-2027 അദ്ധ്യയനവർഷം BCA (Hons) Additional Batch(40), BBA (Hons) Additional Batch (40) എന്നീ പുതിയ പ്രോഗ്രാമുകൾക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം), അനിൽകുമാർ എ സി, NSS college, Rajakumari, മെൽബി ജോസഫ്, Marian College, Kuttikanam എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുനനതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.54/26.02/123392/AC A7-1/2025** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - വെങ്ങോല, ജയ് ഭാരത് ആർട്സ് ആൻഡ് സയൻസ് - പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം സ്ഥിരമായി/താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

വെങ്ങോല, ജയ് ഭാരത് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc (Hons) Electronics with Computer Technology (60 seats) പ്രോഗ്രാം 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനും BSc(Hons) Psychology (24 Seats) പ്രോഗ്രാം 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.55/26.02/2597/AC A7-1/2026** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - College of Applied Science,IHRD, Muttom, Thodupuzha - പ്രോഗ്രാം 2026 -'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

College of Applied Science,IHRD, Muttom, Thodupuzha സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc (Hons) Computer Science (40 Seats) എന്ന പ്രോഗ്രാം 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.56/26.02/6348/AC A7-1/2026** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - തൊടുപുഴ, അൽ-അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - പ്രോഗ്രാമുകൾ 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

തൊടുപുഴ, അൽ-അസർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Sc Chemistry, MBA എന്നീ പ്രോഗ്രാമുകൾ 2025 - '26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.57/26.02/124001/AC A7-3/2025** **വിവിധ അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ പട്ടിക പ്രകാരമുള്ള കോഴ്സുകൾ താത്കാലികമായി നിർത്തലാക്കി പുനഃ രാരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് -**

St.Thomas College of Advanced Studies, Edamury, Ranni, Pathanamthitta സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Finance and Taxation & Accounting എന്ന പ്രോഗ്രാം 2025-26 അധ്യയന വർഷത്തിൽ താത്കാലികമായി നിർത്തലാക്കുന്നതിനും, St.George College, Vazhakulam സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Finance and Taxation & Accounting, B.Com (Hons) Co-Operation & Accounting എന്നീ പ്രോഗ്രാമുകൾ 2025-26 അധ്യനവർഷത്തിൽ താത്കാലികമായി നിർത്തലാക്കി 2026-27 അധ്യനവർഷത്തിൽ പുനരാംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.58/26.02/94948/AC A1-1/2025** **അൽഫോൻസാ കോളേജ്, പാലാ - 2026-'27 അദ്ധ്യയന വർഷത്തിൽ പെർമനെന്റ് സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

അൽഫോൻസാ കോളേജ്, പാലാ 2026-'27 അദ്ധ്യയന വർഷം മുതൽ പെർമനെന്റ് സീറ്റ് വർദ്ധനവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ 2026-27 അദ്ധ്യയനവർഷം മുതൽ MSc Clinical Nutrition & Dietetics എന്ന സ്വാശ്രയ പ്രോഗ്രാമിന്റെ സീറ്റ് 20 ൽ നിന്നും 25 ആയും Bsc (Hons) Nutrition & Dietetics എന്ന സ്വാശ്രയ പ്രോഗ്രാമിന്റെ സീറ്റ് 30 ൽ നിന്നും 40 ആയും സ്ഥിരം സീറ്റ് വർദ്ധനവ് സർക്കാർ അനുമതിക്ക് വിധേയമായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.59/26.02/4033/AC B7-2/2026** **എറണാകുളം, സെന്റ് ആൽബെർട്സ് സ്വയംഭരണ കോളജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2025 - 26 അദ്ധ്യയന വർഷത്തെക്ക് പുതുക്കുന്നത് - സംബന്ധിച്ച്.**

എറണാകുളം, സെന്റ് ആൽബെർട്സ് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2025 - 26 അദ്ധ്യയന വർഷത്തേക്ക് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം) -യെ പരിശോധനാ സമിതിയായി നിയമിച്ചിരിക്കുന്നതിനു തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.60/26.02/121502/AC A7-2/2025** **പുത്തൻവേലിക്കര Presentation College of Applied Sciences എന്ന കോളേജിൽ നടന്നു വന്നിരുന്ന BA (Hons) English (Cultural Studies) (24 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച് -**

പുത്തൻവേലിക്കര, Presentation College of Applied Sciences കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English (Cultural Studies) (24 Seats) എന്ന പ്രോഗ്രാം 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.61/26.02/121710/AC A7-3/2025** **സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജായ എറണാകുളം ,പൂത്തോട്ട , സ്വാമി ശാശ്വതീകാനന്ദ കോളേജ് 2025-2026 അധ്യയന വർഷം മുതൽ വിവിധ പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്-**

എറണാകുളം, പൂത്തോട്ട, സ്വാമി ശാശ്വതീകാനന്ദ കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ MA English (20), MSc Mathematics (12) എന്നീ പ്രോഗ്രാമുകൾ 2025-26 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.62/26.02/122266/AC A7-2/2025** **Mar Gregorios Abdul Jaleel Arts and Science, Paravoothara, Mannam കോളേജിൽ നടന്നുവന്നിരുന്ന BSc. Cyber forensic എന്ന പ്രോഗ്രാം 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2026-2027 അധ്യയന വർഷം പുനരാരംഭിക്കുന്നത് - സംബന്ധിച്ച് -**

Mar Gregorios Abdul Jaleel Arts and Science, Paravoothara, Mannam കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BSc. Cyber forensic എന്ന പ്രോഗ്രാം 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി 2026-2027 അധ്യയന വർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.63/26.02/123386/AC A7-1/2025** **അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - നോർത്ത് പറവൂർ , HDPY കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് - BA (Hons) Economics (40) പ്രോഗ്രാം താത്കാലികമായി നിർത്തലാക്കുന്നതിനും പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

നോർത്ത് പറവൂർ , HDPY കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) Economics (40) പ്രോഗ്രാം 2025-'26 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കി 2026-'27 അധ്യയനവർഷം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.64/26.02/123400/AC A7-2/2025** **P G Radhakrishnan Memorial Sree Narayana College, Channanikadu എന്ന കോളേജിൽ നടന്നുവന്നിരുന്ന B Com (Hons.) Finance and Taxation & Marketing (60 Seats), B Com (Hons.) Financial Markets & Accounting (60 Seats), Bachelor in Computer Applications (Hons) (Artificial Intelligence and Machine Learning & Full Stack Development (40 Seats)), M Com Finance and Taxation (20 Seats) എന്നീ പ്രോഗ്രാമുകൾ 2025-2026 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച്**

P G Radhakrishnan Memorial Sree Narayana College, Channanikadu സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B Com (Hons.) Finance and Taxation & Marketing (60 Seats), B Com (Hons.) Financial Markets & Accounting (60 Seats), Bachelor in Computer Applications (Hons) (Artificial Intelligence and Machine Learning & Full Stack Development (40 Seats)), M Com Finance and Taxation (20 Seats)

എന്നീ പ്രോഗ്രാമുകൾ 2026-2027 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.65/26.02/121620/AC A7-2/2025** **MES College Kothamangalam, Kuttilanji ൽ നടന്നുവന്നിരുന്ന BCA (Hons) (Artificial Intelligence and Machine Learning (24 Seats), B.Com (Hons) Finance & Taxation (40 Seats), B.Sc. (Hons) Psychology (24 Seats) എന്നീ പ്രോഗ്രാമുകൾ 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കുന്നത് - സംബന്ധിച്ച് -**

MES College Kothamangalam, Kuttilanji കോളേജ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCA (Hons) (Artificial Intelligence and Machine Learning (24 Seats), BCom (Hons) Finance & Taxation (40 Seats), B.Sc. (Hons) Psychology (24 Seats) എന്നീ പ്രോഗ്രാമുകൾ 2025-2026 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.66/26.02/46205/Ac A1-3/2025/Ac A 1 (PART- V) സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/ എം.എഡ് കോഴ്സിന്റെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് കോഴ്സിന്റെ താല്കാലിക അഫിലിയേഷൻ തുടരുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രം പരിഗണിച്ചും ചുവടെ കൊടുത്തിരിക്കുന്ന സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ് പ്രോഗ്രാമിന്റെ താല്കാലിക അഫിലിയേഷൻ 2025-'26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| Sl. No | Name of College | Programme | Govt. NOC |
|---|---|---|---|
| 1 | Mar Severios College of Teacher Education, Chengaroor, Mallappally, Pathanamthitta | B.Ed | G.O(Ms) No.6/2026/HEDN dtd 06.01.2026 |
| 2 | St. John of God College of Special Education, Velloor, Pampady, Kottayam | B.Ed Special Education (Intellectual Disability) | G.O(Ms) No.781/2025/HEDN dtd 11.12.2025 |

**ഇനംനമ്പർ: ഒ.എ.67/26.02/123769/AC A7-1/2025 അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ - പള്ളം, ബിഷപ്പ് സ്പീച്ചലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് - പ്രോഗ്രാം 2026 -'27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് .**

പള്ളം, ബിഷപ്പ് സ്പീച്ചലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് ടി കോളേജിലെ M.Com Finance and Taxation (12 Seats) പ്രോഗ്രാം 2026-27 അദ്ധ്യയനവർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്വ.68/26.02/47033/AC A7-2/2025** **അൺ-എയ്ഡഡ് സ്വാശ്രയ ആർട്ട്സ് ആൻഡ് സയൻസ് കോളേജ്- Ayyappa Institute of Management Studies, Peermade ന്റെ 2024-2025, 2025-2026 എന്നീ അദ്ധ്യയന വർഷങ്ങളിലെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട്- സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

Peermade, Ayyappa Institute of Management Studies 2024-2025, 2025-2026 എന്നീ അദ്ധ്യയന വർഷങ്ങളിലെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് കോളേജ് മാനേജരിൽ നിന്നും ഒരു തൽസ്ഥിതി റിപ്പോർട്ട് വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്വ.69/26.02/85107/AC A-1/2025** **അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജ് - 2026-27 അധ്യയന വർഷം പുതിയ എയ്ഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - സർക്കാരിൽ നിന്നു ലഭിച്ച അഭിപ്രായം സിൻഡിക്കേറ്റ് പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

എയ്ഡഡ് കോളേജുകളിൽ പുതിയ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി സർക്കാർ മാറ്റിവച്ചിരിക്കുന്നതിനാൽ സർക്കാർ തീരുമാനം ലഭിക്കുന്നമുറയ്ക്ക് ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്വ.70/26.02/59928/AC A1-1/2025** **എം.ഇ.എസ് കോളേജ്, മാറമ്പള്ളി - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത്-സംബന്ധിച്ച് :-**

മാറമ്പള്ളി, എം.ഇ.എസ് കോളേജ് സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -'26 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം പരിഗണിച്ച് ടി കോളേജിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2025 -'26 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനും തീരുമാനിച്ചു.

| College | Govt. NOC | Programme |
|---|---|---|
| MES College, Marampally | G.O(Ms)No.725/2025/HEDN Dated, 25/10/2025 | 1) BA (Hons) Arabic<br>2) BCom (Hons) Finance and Taxation<br>3) BA (Hons) English Media Studies<br>4) BSc (Hons) Biotechnology<br>5) BSc (Hons) Microbiology<br>6) BSc (Hons) Psychology<br>7) BVoc (Hons) Animation and Graphic Design<br>8) BVoc (Hons) Logistic Management<br>9) BVoc (Hons) Software Development and System Administration<br>10) BVoc (Hons) Fashion Design and Management<br>11) BVoc (Hons) Industrial Instrumentation and Automation<br>12) BVoc (Hons) Tourism Administration and Hospitality<br>13) BVoc (Hons) Advanced Course in Multi Sports & Fitness Training<br>14) M.Sc Electronics<br>15) M.Com Finance and Taxation<br>16) M A English |

| | | |
|---|---|---|
| | | 17) M.Sc Biochemistry<br>18) M.Sc Microbiology<br>19) M A Human Resource Management |

**ഇനംനമ്പർ: ഒ.എ.71/26.02/91906/AC A7-3/2025** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 2026 - 2027 അദ്ധ്യയനവർഷം പുതിയ പ്രോഗ്രാമുകൾക്കായി St.Kuriakose College of Management and Science, Kuruppampady , M.E.S. College Erumely, Propose P.O, Kottayam എന്നീ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച്.**

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ 2026 - 2027 അദ്ധ്യയനവർഷം പുതിയ പ്രോഗ്രാമുകൾ/അധിക ബാച്ചുകൾ/സ്ഥിരമായ സീറ്റുവർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷകളിന്മേൽ താഴെ പറയും പ്രകാരം പരിശോധനാ സമിതികളെ നിയമിക്കുന്നതിന് തീരുമാനിച്ചു.

| SL NO | NAME OF THE COLLEGE | SL NO | PROGRAMS AND INTAKE | Intake | Subject Expert | Member Syndicate |
|---|---|---|---|---|---|---|
| 1 | St.Kuriakose College of Management and Science, Kuruppampady, Ernakulam | 1 | BA Multimedia (New Program) | 40 | Bibu V N, Asst.Prof., Dept.of Journalism, St. Xavier's College Vaikom | Dr. Bibin Kuriakose |
| 2 | M.E.S College Erumely, Propose P.O, Kottayam | 1 | BSc (Hons)Artificial Intelligence and Data Science (New Program) | 24 | Dr. Binu Thomas, Marian College, Kuttikanam | Dr. Seno Jose |

**ഇനംനമ്പർ: ഒ.എ.72/26.02/100568/AC A7-3/2024** **അൺ-എയ്ഡഡ് സ്വാശ്രയ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ 2025-2026 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ/അധികബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച്.**

Mangalam M.C Varghese College of Arts and Science, Ettumanoor, കോളേജ് 2025-2026 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ/അധികബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാം സർക്കാരിന്റെ അനുമതിക്ക് വിധേയമായി 2026-2027 അദ്ധ്യയനവർഷം മുതൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

| SL NO | NAME OF THE COLLEGE | PROGRAMME | Intake |
|---|---|---|---|
| 1 | Mangalam MC Varghese College of Arts and Science, Ettumanoor | Integrated MSc Programms in Computer Science- Data Science(4+1) | 12 |

**ഇനംനമ്പർ: ഒ.എ.73/26.02/125058/AD A1-1/2025** **എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ - Civil Appeal 14915/2024 - മേലുള്ള ബഹു. സുപ്രീം കോടതിയുടെ 23.05.2025 ലെ വിധിന്യായം - Con. Case (C) No. 1840/2025 - മേലുള്ള ബഹു. ഹൈക്കോടതിയുടെ 18.02.2026 ലെ ഇടക്കാല ഉത്തരവ് - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3.10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടി - സർവകലാശാല സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

16.02.2026 ൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി - സ്റ്റാഫ് യോഗം താഴെ പരാമർശിക്കുന്ന തീരുമാനം കൈക്കൊള്ളുകയും, ടി തീരുമാനം മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായതനുസരിച്ച് 17.02.2026 ലെ 1690/ADA 1/2026/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

'ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം 14915/2024 ലെ 23.05.2025 ലെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവകലാശാല ഉത്തരവ് നം. 6336/AI/1/2013/അഡ്മിൻ തീയതി 10.12.2013, സർവകലാശാലാ ഉത്തരവ് നമ്പർ 1634/AI/1/2013/അഡ്മിൻ തീയതി 27.03.2014, സർവകലാശാലാ ഉത്തരവ് നമ്പർ 2217/എI/1/2018/അഡ്മിൻ തീയതി 27.02.2018 എന്നിവ പ്രകാരം സർവകലാശാലയിൽ സൂപ്പർന്യൂമററി അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായ ദിവ്യാംഗൻ വിഭാഗത്തിൽപ്പെട്ടവർക്ക് ടിയാളുകൾ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാവുന്ന തീയതി കണക്കാക്കി നിലവിൽ ടിയാളുകൾക്ക് നിയമനം നൽകിയിരുന്ന സൂപ്പർന്യൂമററി അസിസ്റ്റന്റ് തസ്തിക പ്രസ്തുത സ്ഥാനക്കയറ്റ തസ്തികയായ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് (സൂപ്പർന്യൂമററി) തസ്തികയായി അപ്ഗ്രേഡ് ചെയ്ത് സർക്കാർ അനുമതിക്കു വിധേയമായി ഉദ്യോഗക്കയറ്റം നൽകുന്നതിനു ശുപാർശ ചെയ്യുന്നു.'

തുടർന്ന്, Con. Case (C) No. 1840/2025 - മേലുള്ള ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൽ, Civil Appeal 14915/2024-ൽ കേരള സർക്കാർ കക്ഷി ആയതിനാൽ ഇതിന്മേലുള്ള വിധിന്യായം സർക്കാരിനും ബാധ്യസ്ഥമായതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ സർക്കാരിൽ നിന്നുള്ള അനുമതി, സ്പഷ്ടീകരണം തേടേണ്ട സാഹചര്യം ഇല്ല എന്നും, സർവകലാശാല പുറപ്പെടുവിച്ച 17.02.2026 ലെ 1690/ADA 1/2026/എം.ജി.യു നമ്പർ ഉത്തരവ് ഈ വിധിന്യായത്തിൻറെ അനുസൃതമല്ല എന്നും, കൂടാതെ 01.01.2025 ലെ സർവ്വകലാശാല സീനിയോരിറ്റി ലിസ്റ്റ് പ്രകാരം പരാതിക്കാരുടെ ജൂനിയേർസ് നിലവിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നതിനാൽ സമാനമായ സ്ഥാനക്കയറ്റം ടി ജീനക്കാർക്ക് നൽകണമെന്നും ബഹു. ഹൈക്കോടതി നിരീക്ഷിച്ചിരുന്നു.

തുടർന്ന്, ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻറെ അടിസ്ഥാനത്തിൽ മേൽ സർവ്വകലാശാല ഉത്തരവ് താഴെ പറയും പ്രകാരം പരിഷ്കരിച്ച്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവാകുകയും, തദനുസരണം 24.02.2026 ലെ 2038/ADA 1/2026/എം.ജി.യു.നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

'ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം 14915/2024 ഹർജിയിലെ 23.05.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10.12.2013 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 6336/AI/1/2013/ഭരണവിഭാഗം, 27.03.2014 തീയതിയിലെ സർവകലാശാലാ ഉത്തരവ് നമ്പർ 1634/AI/1/2013/ഭരണവിഭാഗം, 27.02.2018 തീയതിയിലെ സർവകലാശാലാ ഉത്തരവ് നമ്പർ 2217/എI/1/2018/ഭരണവിഭാഗം എന്നിവ പ്രകാരം നിയമിതരായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കായി 09.10.2013 - ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 5421/AIII/2/2013 പ്രകാരം സൃഷ്ടിച്ച അസിസ്റ്റൻറ് തസ്തികകൾ നോഷണലായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ടി ജീവനക്കാർക്ക് അർഹമായ സ്ഥാനക്കയറ്റങ്ങൾ അർഹമായ തീയതികളിൽ നൽകുന്നതിന് തീരുമാനിക്കുന്നു. പ്രൊമോഷൻ സംബന്ധമായ മേൽപ്പറഞ്ഞ തീരുമാനങ്ങൾ സർവ്വകലാശാല ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിവ്യൂ ഹർജിയിലെ (Diary No. 66933/2025) വിധിക്കും, സർക്കാർ ഈ വിഷയത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കും വിധേയമായിരിക്കുന്നതാണ്.'

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട മേൽ നടപടികളും തദനുസരണം പുറപ്പെടുവിച്ച 17.02.2026–ലെ നം.1690/ADA 1/2026/എം.ജി.യു, 24.02.20260–ലെ നം.2038/ADA 1/2026/എം.ജി.യു. എന്നീ സർവകലാശാല ഉത്തരവുകളും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ: ഒ.എ്.74/26.02** **കോട്ടയം പബ്ലിക് ലൈബ്രറിയുടെ മ്യൂസിക് അക്കാദമിയുമായി ചേർന്ന് ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP)–ൽ ആരംഭിക്കുന്ന വെസ്റ്റേൺ മ്യൂസിക് പ്രോഗ്രാമുകളുടെ നടത്തിപ്പ് – സംബന്ധിച്ച്.**

കോട്ടയം പബ്ലിക് ലൈബ്രറിയുടെ മ്യൂസിക് അക്കാദമിയുമായി ചേർന്ന് DASP–ൽ പുതുതായി ആരംഭിക്കുന്ന വെസ്റ്റേൺ മ്യൂസിക് പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡോ. റോബിനറ്റ് ജേക്കബ്, ശ്രീ. അരുൺ കെ ശശീന്ദ്രൻ, ഡോ. സുമേഷ് എ. എസ്. എന്നിവരടങ്ങുന്ന ഒരു ഇൻസ്പെക്ഷൻ കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.75/26.02** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ – അക്കാദമിക പ്രവർത്തനങ്ങളുടെ മേൽനോട്ടം – സിൻഡിക്കേറ്റുതല സമിതി രൂപീകരിക്കുന്നത് – സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിലെ അക്കാദമിക പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സെനോ ജോസ്, ഡോ. സുമേഷ് എ. എസ്., ഡോ. റോബിനറ്റ് ജേക്കബ്, ശ്രീ. അരുൺ കെ ശശീന്ദ്രൻ, അഡ്വ. പി. ബി. സതീഷ് കുമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ്.76/26.02** **പ്രൊഫ. (ഡോ.) എൻ. രാധാകൃഷ്ണൻ, ശ്രീ. തിരുവിഴ ജയശങ്കർ, ശ്രീ. പി. ഐ. മുഹമ്മദ് കുട്ടി എന്നിവർക്ക് ഓണററി ഡോക്ടറേറ്റ് നൽകുന്നതിനുള്ള ശിപാർശ സംബന്ധിച്ച്.**

പ്രശസ്ത വാസ്തുശില്പി സർജനായ പ്രൊഫ. (ഡോ.) എൻ. രാധാകൃഷ്ണൻ, നാഗസ്വര വിദ്വാൻ ശ്രീ. തിരുവിഴ ജയശങ്കർ, ചലച്ചിത്ര താരം ശ്രീ. പി. ഐ. മുഹമ്മദ് കുട്ടി എന്നിവർക്ക് ഓണററി ഡോക്ടറേറ്റ് നൽകുന്നത് പരിഗണിക്കുന്നതിന് സർവ്വകലാശാല അക്കാദമിക് കൗൺസിലിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,

26.02.2026

**രജിസ്ട്രാർ**